PREMOTKARSHAM NARAYANA PANIKKAR

032:3M794:14 F5

032:3M794:14
F5

3M794:14 F5
NA PANIKKAR.
rsham.
285
MUL
094285

DOCTRINA VIM PROMOVET INSITAM

Madras University Library

Call Number 032:3M794:14

Accession Number 94285

Available for loan from

This book should be returned on or before the date last marked below.

O. 61

Ananda Press, Madras—10,000—12-9-50.

# പ്രേമോൽക്കർഷം.

ഗ്രന്ഥകൎത്താ

ആർ. നാരായണപ്പണിക്കർ ബി. ഏ.

സംസ്കൃതകാളേജ്, തിരുവനന്തപുരം.

പ്രകാശകൻ

കളക്കുന്നത്തു രാമൻമേനോൻ.

[പകൎപ്പവകാശം.]

ബി. വി. ബുക്ക്ഡിപ്പോ,

തിരുവനന്തപുരം.

1100

[വില ണ. ൮.

☞ ഗ്രന്ഥകൎത്താവിന്റെയോ പ്രകാശകന്റെയോ മുദ്രയില്ലാത്ത പുസ്തകം വ്യാജനിൎമ്മിതമാകുന്നു.

# പ്രേമോൽക്കൎഷം.

———:o:———


ഗ്രന്ഥകൎത്താ,

ആർ. നാരായണപ്പണിക്കർ ബി.ഏ.

സംസ്കൃതകാളേജ്, തിരുവനന്തപുരം.



പ്രകാശകൻ

കുളക്കുന്നത്തു രാമൻമേനോൻ.

ബി. വി. ബുക്കുഡിപ്പോ,

തിരുവനന്തപുരം.



[പകൎപ്പവകാശം]


[വില അണ ൪.


ഗ്രന്ഥകൎത്താവിൻേറയും പ്രകാശകൻേറയും മുദ്രയില്ലാത്ത പ്രതി വ്യാജനിൎമ്മിതമാകുന്നു.

DEPARTMENTAL LIBRARIES
14 MAR 1950

തിരുവനന്തപുരം

ബി. വി. ബുക്കഡിപ്പോ പ്രവത്തകന്മാക്കുവേണ്ടി

തിരുവനന്തപുരം

"കമലാലയ" പ്രസ്സിൽ അച്ചടിച്ചതു്.

ഒന്നാംപതിപ്പു് — കാപ്പി ൧൦൦൦.

൧൧൦൦.

94285

032:3M794:14

F5

DEPARTMENTAL LIBRARIES
14 MAR 1950

# മുഖവുര

മലയാളഭാഷാസാഹിത്യത്തിൽ സ്വതന്ത്രസ്വാതന്ത്ര്യങ്ങളായ കൃതികളാണ് ഉണ്ടാവേണ്ടതെന്നും, ഗ്രന്ഥരചനാവിഷയത്തിനു തഴക്കവും പഴക്കവും സമ്പാദിച്ചിട്ടുള്ള ആളുകളെല്ലാം തർജ്ജിമാവ്യാപാരത്തിൽ നിന്ന് വിരമിക്കേണ്ടതാണെന്നും ഭാഷാഭിമാനികൾ ശഠിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു് ബൽജിയ കവികുലഗുരുവായ മീററർ ലിങ്കിന്റെ (Maeter linck) ബീയാററിസ് എന്ന നാടകത്തെ അനുകരിച്ചു രചിച്ച ഈ ഗദ്യകാവ്യത്തെ സജ്ജനസമക്ഷം അവതരിപ്പിക്കുന്നതിന് അല്പം ഭയമില്ലെന്നില്ല. എങ്കിലും ഭാഷാന്തരങ്ങളുടെ ആവശ്യം ഒരുകാലത്തും ഉദ്ഗമനോന്മുഖമായ ഒരു ഭാഷയിൽ അസ്തമിച്ചുപോകയില്ലെന്നു വാദിക്കുന്നവരും ഈ നാട്ടിൽ ധാരാളമുണ്ടെന്നുള്ള സംഗതി അല്പം ധൈര്യത്തിനു വഴിതരുന്നുണ്ട്. എന്നുമാത്രമല്ല, ലോകത്തിലുള്ള ജനമണ്ഡലങ്ങളെല്ലാം ചില പ്രത്യേക ഉപാധികളെ ആശ്രയിച്ചു വേർപിരിഞ്ഞു താമസിക്കുന്നുവെന്നുവരികിലും, സാഹിത്യം ഒന്നിനു മാത്രം സാർവ്വജനീനത്വമുള്ളതിനാൽ, ഒരു ഭാഷയിലുള്ള ഉത്തമകാവ്യങ്ങളെ ഇതരഭാഷകളിലേക്കു ഭാഷാന്തരം ചെയ്യാതെ നിവൃത്തിയില്ല. അങ്ങനെ ചെയ്യുന്നതുകൊണ്ട്, മററു ഭാഷകൾക്ക് ഉൽക്കർഷത്തിനേ വഴിയുള്ളുതാനും.

ഈ ലഘുകാവ്യത്തിന്റെ മൂലം കവിലോകത്തിലെ മഹാകവികളുടെ കൂട്ടത്തിൽ അത്യുന്നതമായ ഒരു സ്ഥാനത്തിന് അർഹനാക്കുന്നു. മിക്ക ഭാഷകളിലും അദ്ദേഹത്തിന്റെ കൃതികൾ തർജ്ജമ ചെയ്തിട്ടുണ്ട്. ഹിന്ദിഭാഷയിൽ ഉ

ണ്ടായ ഒരു തജ്ജമ വായിച്ചപ്പോഴാണ് അതിനെ മാതൃഭാഷയിലേയ്ക്കും സംക്രമിപ്പിക്കണമെന്ന് എനിക്ക് ഒരു ആഗ്രഹം ജനിച്ചതു്. നാടകീയകലയുടെ പരിപൂണ്ണത മീററർ ലിങ്കിൻെറ എല്ലാ നാടകങ്ങളിലും കാണ്മാനുണ്ടെങ്കിലും, അതു് ഈ ഗ്രന്ഥത്തിൻെറ മൂലത്തിലെന്നോണം മറെറാന്നിലും അത്ര വിശദമായി പ്രകാശിക്കുന്നില്ല. ആത്മവിസ്മാരകമായ ഈശ്വരപ്രേമമാണ് ഈ ചെറുകഥകൊണ്ടു് കവി ഉദാഹരിച്ചിരിക്കുന്നതു്.

ഈ ഭാഷാനുവാദത്തെ മലയാളികഠം വിശാലബുദ്ധിയോടുകൂടി സ്വീകരിച്ചു് ആദരിക്കുന്ന പക്ഷം മീററർ ലിങ്കിൻെറ മററു ചില നാടകങ്ങഠം കൂടി അചിരേണ പ്രസിദ്ധീകരിക്കാമെന്നു വിചാരിക്കുന്നു.

എന്നു്, ഗ്രന്ഥകത്താ.

—ശ്രീ—

# പ്രേമോൽക്കർഷം

———:o:———

## ഒന്നാം അങ്കം

——(൧)——

(സ്ഥാനം:—ഭാഗീരഥിയുടെ തടത്തിൽ സ്ഥിതിചെയ്യുന്ന അന്നപൂർണ്ണേശ്വരീക്ഷേത്രത്തിൻെറ തെക്കുഭാഗത്തുള്ള പരിചാരികാസദനം.)

(സമയം രാത്രി:—ദേവീക്ഷേത്രത്തിൽ ദീപം ജ്വലിച്ചുകൊണ്ടിരിക്കയും, കമല നിശ്ചലദൃഷ്ട്യാ ദേവീവിഗ്രഹത്തെ നോക്കിക്കൊണ്ടു നില്ക്കുകയും ചെയ്യുന്നു.)

കമല:—"ദേവീ! കടാക്ഷിക്കണേ! ദുർബ്ബലചിത്തയായ ഈ അഗതിയിൽ കനിവു തോന്നണേ! ഞാൻ ദുർമ്മാർഗ്ഗചാരിണിയാണെന്ന് എനിക്കു തന്നെ അറിയാം. പക്ഷെ ഒന്നിനും എനിക്കു ശക്തിയില്ല! അദ്ദേഹം ഇന്നു വരും. തീർച്ചയായി .ഇന്നു വരാതിരിക്കയില്ല. അദ്ദേഹത്തിനോടു ഞാൻ എന്തു പറയേണ്ടു? അന്നപൂർണ്ണേശ്വരി! എനിക്ക് ഒന്നും പറവാനുള്ള ശക്തയില്ല; അദ്ദേഹത്തിൻെറ മനോഗതി എന്താണെന്നു എനിക്ക് അറിഞ്ഞുകൂട. സോൽക്കണ്ഠമായ നേത്രങ്ങളാൽ എന്നെ അദ്ദേഹം പലപ്പോഴും നോക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. എനിക്കോ? എന്തെല്ലാം വന്നുകൂടുമെന്ന് എനിക്കുതന്നേ നിശ്ചയമില്ല. അദ്ദേഹത്തിൻെറ മുഖത്തു് ധൈര്യപൂർവ്വം നോക്കുന്നതിനു

DEPARTMENTAL LIBRARIES
14 MAR 1950

പോലും എനിക്കു തല്ക്കാലം ധൈര്യം ഉണ്ടാകുന്നില്ല. ക്ഷണനേരത്തേയ്ക്കു് ദേവി! ഞാൻ നിന്നെക്കൂടി മറന്നുപോകുന്നു. ഏതാനും ദിവസങ്ങൾക്കു മുമ്പു് ഞാൻ ഒന്നും അറിഞ്ഞിരുന്നില്ല. ഇപ്പോഴാകട്ടെ, എന്റെ ഹൃദയം കൂടക്കൂടെ ചഞ്ചലമായിഭവിക്കുന്നു. എന്തോ ഒരു അജ്ഞാതമായ വേദന അദ്ദേഹത്തിനെ സദാപി പീഡിപ്പിക്കുന്നുണ്ടെന്നു തോന്നുന്നു. എനിക്ക് ആരോടും ഒന്നും ചോദിക്കാനോ പറയാനോ ത്രാണിയില്ല. എന്റെ മനഃപീഡയെ ഞാൻ നിന്നോ മാത്രം അറിവിക്കുന്നു. വേറെ ആരോടാണു പറയുക? എല്ലാം ഞാൻ ഉള്ളിൽ ഒതുക്കിക്കൊണ്ടിരിക്കുന്നു. ഇതിനെ ദൂരീകരിക്കണമെന്നുള്ള ആഗ്രഹവും എനിക്കില്ല. ഈ ദുഃഖഭാവം ഹൃദയത്തിലിരുന്നു ക്രമേണ സുഖകരമായി പരിണമിക്കുന്നു. അഹോ! എന്തൊരു സുഖം! എത്ര തീവ്രമായ വേദന!"

"ഇതു് പ്രേമമാണെന്നാണു് അദ്ദേഹം പറയുന്നതു്. ഇതാണോ പ്രേമം? ഇതു പാപം! കേവലം ദുർവാസനയുടെ പരിണതഫലം. എന്നാൽ വാസ്തവത്തിൽ ഇതു ദുർവാസനാഫലമാണോ? അദ്ദേഹത്തിനെ സദാപി നോക്കിക്കൊണ്ടിരിക്കുന്നതിനു് എന്റെ ഹൃദയം കാംക്ഷിക്കുന്നു. പക്ഷേ അങ്ങനെ ചെയ്യുമ്പോൾ എനിക്കു ലജ്ജ—എന്തോ ഒരു സങ്കോചം ഉണ്ടാവാറുണ്ടുതാനും. ഇതിനെ പ്രേമമെന്നു പറയാമോ? ഇവിടം വിട്ടു് ഇറങ്ങിയാൽ അദ്ദേഹം എന്നെ വിവാഹം ചെയ്യാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ടു്. അദ്ദേഹത്തിന്റെ ഗുരുവായ ഒരു പുരോഹിതൻ വന്നു് ഞങ്ങളെ ഇരുവരേയും ജന്മജന്മാന്തരത്തിൽപോലും അഴിയാത്ത

വിധത്തിൽ വിവാഹശൃംഖലയാൽ ബന്ധിക്കുമത്രെ. പാപത്തിനു വലുതായ ആകൎഷണശക്തിയുണ്ടെന്നും വിഷയവാസന ദുൎന്നിരോധമാണെന്നും ഞാൻ കേട്ടിട്ടുണ്ട്. അതിൻെറ വലയിൽ കുടുങ്ങിയാൽ പിന്നെ സ്ത്രീക്കു ധൎമ്മത്തിൽ ബുദ്ധി സ്ഥിരമായി നിൽക്കയില്ല. പുരുഷന്മാർ സദാ സ്ത്രീകളെ കുപഥത്തിലേയ്ക്കു നയിക്കാൻ പ്രയത്നിക്കുന്നവരാണു്. പക്ഷെ അദ്ദേഹവും ആ കൂട്ടത്തിലാണോ? ദേവി! അദ്ദേഹം അത്ര നീചനല്ലെന്നു നിനക്കറിയാമല്ലോ? തീരെ കുട്ടിയായിരുന്ന കാലത്തു് ഞാൻ ഒരിക്കൽ ഉദ്യാനത്തിൽ ക്രീഡിച്ചുകൊണ്ടിരുന്നു. അദ്ദേഹം കുറെ പുഷ്പങ്ങൾ ഇറുത്തുകൊണ്ടു വന്നു. ഞാൻ ഒരു ചിത്രശലഭത്തെ പിടിക്കാനുള്ള ശ്രമത്തിൽ മുഴുകിയിരിക്കയായിരുന്നു. സൂൎയ്യൻ അസ്തമിക്കാറായി. പ്രകൃതീദേവി എന്തോ ചിന്തയിൽ ആണ്ടതുപോലെ ഗംഭീരഭാവം കൈക്കൊണ്ടു. വസന്തപവനൻ നവമായി വികസിച്ച പുഷ്പങ്ങളുടെ പരിമളത്തെ വഹിച്ചുകൊണ്ടു് ഏതോ അദൃശ്യദേവതയുടെ ഉപാസനയ്ക്കെന്നോണം, ഭൂമി മുതൽ ആകാശംവരെ ഭ്രമിച്ചുകൊണ്ടിരുന്നു. പക്ഷികൾ മധുരവും അസ്പഷ്ടവുമായ സ്വരത്തിൽ ഏതോ ആ അദൃശ്യദേവതയെപ്പററി സ്തുതിഗാനം ചെയ്യുന്നുണ്ടായിരുന്നു. ഭൂദേവി ശ്രീവിഹീനയായ് ചമഞ്ഞതിനാൽ ലജ്ജിതയായിട്ടു് തൻെറ അംഗങ്ങളെ അന്ധകാരപടത്താൽ മറച്ചുതുടങ്ങി. ആ സമയത്തു് ഈ മാതിരിയുള്ള സങ്കോചമോ, ലജ്ജയോ, ഭയമോ, ചിന്തയോ ഒന്നും എന്നെ ബാധിച്ചില്ല. ദേവീ! നിൻെറ ആശ്രമത്തിൽ വന്നതിനുശേഷം ഞാൻ അദ്ദേഹത്തിനെ മറന്നു കളഞ്ഞെങ്കിലും, ഏതെങ്കിലും

കാരണത്താൽ ഞാൻ നിരുത്സാഹയായിത്തീരാനിടവന്ന അവസരങ്ങളിലൊക്കെ അദ്ദേഹത്തിൻെറ രൂപം എൻെറ സ്മൃതിപഥത്തിൽ ഉദിച്ചുപൊങ്ങാറുണ്ട്. ജഗദംബികേ! അദ്ദേഹം നീചനല്ല! അദ്ദേഹത്തിൻെറ നേത്രം ശിശുക്കളുടെ നേത്രത്തിനു സമാനമാണ്. അത്ര കോമളിമയും മാധുരിയും നിർദ്ദോഷവും അതിനുണ്ട്. അദ്ദേഹം നീചനാവുകയോ? ഇന്നലെ അദ്ദേഹം ഇവിടെ വന്ന് നിന്നെ ഭക്തിപൂവ്വം നമസ്കരിച്ചല്ലോ. നീചനാണെങ്കിൽ നിനക്കറിയാമല്ലോ!”

“ഇങ്ങനെ ഒക്കെ അണെങ്കിലും നിന്നെ വിട്ട്, നിന്റെ മടിയിൽ നിന്നിറങ്ങി, ദൂരെ പോവുന്നതിന് എനിക്ക് ഇഷ്ടമില്ല. ഈ ദുർഭഗയായ എന്നെ നിൻെറ ദിവ്യസന്നിധിയിൽ നിന്ന് അകററിക്കൊണ്ടു പോവാനാണ് അദ്ദേഹത്തിൻെറ ശ്രമം. അംബികേ! ഞാൻ ഒന്നും മറച്ചുവയ്ക്കണമെന്നു വിചാരിക്കുന്നില്ല. എല്ലാം തുറന്നു പറഞ്ഞുകളയാം. അഥവാ എന്തിനു മറയ്ക്കുന്നു? പ്രിയപ്പെട്ട ജഗജ്ജനനി! എൻെറ സ്ഥിതി വലിയ പരുങ്ങലിലാണ്. ഞാൻ അദ്ദേഹത്തിനോടുകൂടി പോകാത്തപക്ഷം അദ്ദേഹം ആത്മഹത്യചെയ്യുമെന്നു പറഞ്ഞിരിക്കുന്നു. എനിക്കുവേണ്ടി—ഈ ഭാഗ്യഹീനയ്ക്കുവേണ്ടി, ആ യോഗ്യപുരുഷൻ തൻെറ ജീവനെ കൈവിടുമത്രെ! ഇങ്ങനെ പലപ്പോഴും സംഭവിക്കാറുണ്ടെന്നു ഞാൻ കേട്ടിട്ടുമുണ്ട്. ഈ നിലയിൽ ദേവി! ഞാൻ എന്താണു ചെയ്യേണ്ടതു്? എനിക്ക് ഒന്നും അറിഞ്ഞുകൂട. അമ്മതന്നെ രക്ഷിക്കണം. നീതന്നെ എനിക്കു കർത്തവ്യം ഉപദേശിച്ചുതരണം.

ഹാ! ദേവി! ഒരു വാക്ക്—ഒന്നേ ഒരുവാക്കു മാത്രം പറഞ്ഞാൽ മതി. എന്നാൽ ഞാൻ പോവുകയില്ല സംസാരബന്ധം അറുത്തുകളവാൻ വേണ്ടി ഞാൻ നിൻെറ ആശ്രയത്തെ വിടാതെ ഇരുന്നുകൊള്ളാം. "നീ പാപിയാണ്. നിൻെറ ഉദ്യമം സാധുവല്ല" ഇത്ര മാത്രം പറഞ്ഞാൽ മതിയാവും—പിന്നീട് വരുന്നതു വരട്ടെ. എന്തുവന്നാലും ഞാൻ നിന്നെ വിട്ടുപോകു യില്ല. നാലു കൊല്ലത്തിനു മുമ്പ്, ഞാൻ കൈവരി ച്ച ഈ സേവാവ്രതത്തിനു തീച്ചയായും ഭംഗം വരു ത്തുകയില്ല. ഹൃദയത്തിൻെറ ഈ മലിനവാസനയെ ഈ ദൌർബല്യത്തെ, ഞാൻ നിശ്ശേഷം അകററിക്കു ളയാം.

(വെളിയിൽ കാലടിയുടെ ശബ്ദം)

ദേവി:—"അതാ! അദ്ദേഹം വന്നുകഴിഞ്ഞു. ആ കാലടിശ ബ്ദം അദ്ദേഹത്തിൻേറതാണ്. നീ കേട്ടില്ലേ? ദേവി! എന്നെക്കൊണ്ടുപോകാനായി അദ്ദേഹം വന്നുകഴി ഞ്ഞു. നിൻെറ ദാസിയായ ഈ അഗതിയെ പാപി യായിത്തീരാൻ നീ അനുവദിക്കയില്ലെന്നാണ് എന്റെ ദൃഢവിശ്വാസം. ഒരു വാക്കുപറയണേ. ഇതു് പാപ മാണെന്നുള്ള ഒരു വാക്ക്—ഞാൻ തീർച്ചയായും പോവുകയില്ല".

(വാതലിൽ മുട്ടുന്ന ശബ്ദം)

"ഞാൻ എന്തു ചെയ്യേണ്ടു! അയ്യോ! ദേവി! അദ്ദേ ഹം വന്നുകഴിഞ്ഞു".

(എഴുന്നേററു വാതിൽതുറക്കുന്നു. കുമാരസിംഹൻ പ്രവേശിക്കുന്നു. അദ്ദേഹത്തിൻെറ കൂടെ വന്ന ബ ലൻ വസ്ത്രാഭരണാദികൾ കൊണ്ടുചെന്നു വെച്ചിട്ടു പോകുന്നു.)

കമല:—"കുമാര! അങ്ങു വന്നതു് തനിച്ചല്ലേ? ആ വൃക്ഷച്ചുവട്ടിൽ നിൽക്കുന്നതാരാണ്?"

കു-സി:—"കമലേ! ഭയപ്പെടേണ്ട. അയാൾ നിന്നെ പരിചരിക്കാനായി വന്നവനാണ്. ഇന്ന് എന്താണ് നിന്റെ മുഖത്ത് ഒരു കുണ്ഠിതഭാവം സ്ഫുരിക്കുന്നതു്? നിന്റെ ദേഹം വിറയ്ക്കുന്നതെന്തുകൊണ്ടു്? പ്രിയേ! ധൈര്യമവലംബിക്കു. ഇതാ നോക്കണം ആകാശത്തിൽ നക്ഷത്രങ്ങൾപോലും നമ്മുടെ വരവിനെ പ്രതീക്ഷിച്ച ചഞ്ചലങ്ങളായി വർത്തിക്കുന്നു. വരിക. ഇന്നു ഞാൻ നിന്നെ എന്റെ ഹൃദയമന്ദിരത്തിലെ അധിഷ്ഠാനദേവതയാക്കുന്നുണ്ടു്. അല്ലാ! ഇനിയും ഭയമോ? എന്താണ്? നിനക്കു വല്ല ആശങ്കയുമുണ്ടോ? പ്രിയേ! നോക്കു. ഞാൻ ഈ ബാഹുപാശങ്ങളാൽ നിന്നെ ബന്ധിക്കാനുറച്ചാണ് ഇങ്ങോട്ടു വന്നിരിക്കുന്നതു്. ഇന്നു പ്രേമത്തിന്റെ വിജയദിനമാണ്. പ്രേമദേവതയുടെ അപൂർവ്വദർശനം എനിക്കു് ഇന്നു ലഭിച്ചുകഴിഞ്ഞിരിക്കുന്നു. പ്രേമം നമ്മുടെ ഹൃദയങ്ങളെ സംയോജിപ്പിച്ചു ഭാവിഭാഗധേയത്തിന്റെ അസ്ഥിവാരം ഇട്ടുകഴിഞ്ഞു. കമലേ! ഇന്നു് ഞാൻ നിന്റെ മുഖം നല്ലപോലെ ഒന്നു കണ്ടുകൊള്ളട്ടേ. ഈ കോമളവിഗ്രഹത്തിന്റെ സ്പർശസുഖം ഞാൻ ഇദംപ്രഥമമായിട്ടു് ഒന്നു് അനുഭവിച്ചുകൊള്ളട്ടേ."

(കമലയെ ആലിംഗനംചെയ്‌വാൻ ഭാവിക്കുന്നു.)

കമല:—"കുമാരാ, എന്നെ തൊടരുതു്. ദൂരെ മാറിനിൽക്കുക. ഇങ്ങിനെയാണോ എന്നോടു പ്രതിജ്ഞ ചെയ്തിരുന്നതു്?"

കു-സി:—"അതു് പ്രേമത്തിൻെറ പ്രതിജ്ഞയായിരുന്നില്ല. പ്രേമദേവതയുടെ ഉപാസനയ്ക്കു ബാധകമായിവരുന്ന യാതൊരു പ്രതിജ്ഞയാലും കാമിജനം ബന്ധിതനാവുകയില്ല. വാസ്തവത്തിൽ പ്രേമദേവതോപാസകന് പ്രതിജ്ഞചെയ്യാൻ എന്താണ് അധികാരം? അയാൾ തന്റെ സർവ്വസ്വവും അന്യനായി സമർപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ഒരു നിമിഷത്തിനുള്ളിൽ അയാൾ തനിക്കുള്ളതെല്ലാം അന്യാധീനംചെയ്യുന്നു. അതുകൊണ്ടു് ഓക്കാതെ ഞാൻ വല്ല പ്രതിജ്ഞയും ചെയ്തുപോയിട്ടുണ്ടെങ്കിൽ അതിനു പ്രായശ്ചിത്തം ഇതാ! (കമലയെ ചുംബിക്കുന്നു.) എന്നാൽ ഇനി താമസിക്കരുതു്! രാത്രി അവസാനിക്കാറായി! ആകാശത്തിൽ വെള്ള വീശിത്തുടങ്ങി. എന്റെ കുതിര് പുറപ്പെടാൻ തയ്യാറായിരിക്കയാണ്. വരിക! പുറപ്പെടാൻ ഇനി ഒട്ടും അമാന്തിക്കരുതു്."

(കമല മൂർഛിക്കുന്നു.)

"പ്രിയേ! ഇതെന്താണ്? അയ്യോ! എന്താണ് എന്നോടു് ഈ മൌനഭാവം? നീ ശ്വാസംപോലും വിടാത്തതെന്തു്? നിൻെറ ശരീരം ഇത്ര ശിഥിലമാവാൻ കാരണമെന്താണ്? കമലേ! അധീരയാവാതിരിക്കു. ധൈര്യമവലംബിച്ചു് മുമ്പോട്ടു നടക്കൂ. ഉഷസ്സ് തൻെറ ജ്യോതിസ്സാകുന്ന സുവർണ്ണവല വീശി, നമ്മുടെ സുഖപഥത്തെ നിരോധിക്കാതിരിക്കട്ടെ. വരു; ഒട്ടും താമസിക്കരുതു്."

കമല:—"കുമാരാ! എന്നെ വിട്ടുപോവുക, എനിക്കു് ഇവിടം വിടുന്നതിനു ത്രാണിയില്ല."

കു-സി:—"ഹൃദയേശ്വരി! പ്രാണാധികേ! നീ ഇനിയും മൂർഛിതയായിത്തന്നെ ഇരിക്കുന്നു. നിൻെറ മുഖം ഒന്നുയ

ത്തുക. ഈ മൂട്ടപടം ശ്വാസത്തെ നിരോധിച്ചു നിനക്കു അസ്വാസ്ഥ്യം വരുത്തുന്നു." (കമലയുടെ മുഖത്തുനിന്നു് മൂട്ടപടം മാററുന്നു. കുമാരൻെറ ഹസ്തം തലമുടിക്കെട്ടിൽ തട്ടി അതു് അഴിഞ്ഞു മുഖത്തുവീഴുന്നു.)

(കമലയ്ക്കു ബോധം വീണിട്ടു്)

"കുമാരാ! ഇതെന്താണു്? അങ്ങെന്തിനാണു് ഇങ്ങനെ പ്രവത്തിച്ചതു്?"

കു-സി:—"കമലേ! നിൻെറ കേശങ്ങളാണു് ഈ വിഷയത്തിൽ അപരാധി. നോക്കൂ. നീ ഇപ്പോൾ സൌന്ദര്യസാഗരത്തിൽ മുഴുകിയിരിക്കുന്നു. നിനക്കു് ഇത്രമാത്രം ലാവണ്യമുണ്ടെന്നു് നീ ഒരിക്കലും അറിഞ്ഞിരിക്കയില്ല; ഞാനും അറിഞ്ഞിരുന്നില്ല. നിന്നെ ഒരു നോക്കു് കണ്ടിട്ടുണ്ടെന്നായിരുന്നു എൻെറ അഭിമാനം. എന്നാൽ ഇന്നാണു് ഞാൻ നിന്നെ നല്ലപോലെ കണ്ടതു്. പ്രിയേ! നീ ഇന്നുവരെ എൻെറ സ്വപ്നത്തിലെ പ്രതിമയായിരുന്നു. ഇന്നു് എൻെറ സ്വന്തമായിത്തീൎന്നു. ഞാൻ ഈ കേശങ്ങളേ എന്നപോലെ നിന്നേയും ഇന്നു് ഈ സേവാസദനത്തിൻെറ അസ്വാഭാവികബന്ധനത്തിൽ നിന്നു് നിശ്ശേഷം മോചിപ്പിക്കുന്നുണ്ടു്." (ക്ഷേത്രസംബന്ധമായ പരിധാനത്തെ കളഞ്ഞിട്ടു് കമലയെ പുതിയ വസ്ത്രാഭരണങ്ങൾ അണിയിക്കുന്നു.)

കമല:—"കുമാരാ! നിങ്ങൾ എന്താണു ചെയ്യുന്നതു്? ഇതു് മഹാപാതകമാണു്."

(ദേവീവിഗ്രഹത്തെ നോക്കിയിട്ടു്.)

"ദേവീ! ഞാൻ എന്തുചെയ്യേണ്ടുവെന്നറിയാതെ കുഴങ്ങുന്നു. നീ എന്നെ കൈവെടിയുന്നപക്ഷം എനിക്കു് വേറെ ആരാണു് ഗതി?"

കു—സി:—“കമലേ! നമുക്ക് ഇവിടെ നിന്നു പോവാൻ ഇതു തന്നെയാണു മുഹൂൎത്തം നിന്റെ പുതിയ വസ്ത്രാഭരണങ്ങൾ ഒന്നുനോക്കു. ഇന്നുമുതൽക്ക് ഒരു നവമായ ജീവിതം ആരംഭിക്കുന്നു എന്നു് നീ മനസ്സിലാക്കണം. നീ ഇനി ഈ സേവാസദനത്തിലെ പരിചാരികയല്ല. എന്റെ ഹൃദയാധീശ്വരിയാണ്.”

കമല:—(തന്റെ ക്ഷേത്രപരിധാനത്തെ ചുരുട്ടി കൈയിൽ എടുത്തുകൊണ്ട്) ദേവീ! ഞാൻ ഇതികൎത്തവ്യതാമൂഢയായി ചമഞ്ഞിരിക്കുന്നു. എനിക്ക് പ്രാൎത്ഥിക്കാൻപോലും ത്രാണിയില്ല. ഞാൻ അല്പം ഒന്നു കരഞ്ഞുകൊള്ളട്ടേ; കരഞ്ഞുകരഞ്ഞു ഹൃദയത്തിന്റെ ഭാരത്തിന് അല്പം ലാഘവം വരുത്തിക്കൊള്ളട്ടേ. എനിക്ക് അദ്ദേഹത്തിനോട് ഇത്ര വളരെ പ്രേമമുണ്ടെന്ന് ഞാൻ അറിഞ്ഞിരുന്നില്ല; നിന്നോട് ഇത്രമാത്രം സ്നേഹബന്ധമുണ്ടെന്നും ഞാൻ ഓൎത്തിരുന്നില്ല. നീ ദയാനിധിയാണെന്ന് ഞാൻ കേട്ടിട്ടുണ്ട്. ദേവീ! ഈ അഗതിയുടെ പ്രാൎത്ഥനക്കൂടി ഒന്നു കേൾക്കുക. എന്റെ ഈ അഭ്യൎത്ഥനക്കൂടി കൈക്കൊള്ളുക. എന്റെ സമാരംഭം പാപമാണോ എന്നു് ഏതെങ്കിലും വിധത്തിൽ എന്നെ അറിവിച്ചുതരേണമേ! അന്നപൂൎണ്ണേശ്വരി! ഈ പ്രപഞ്ചമൊട്ടുക്ക് ദേവിയുടെ കരുണാദൃഷ്ടി പതിയുന്നു. എന്നോടുമാത്രം അമ്മയ്ക്കു് കരുണയില്ലെന്നു വരുമോ? എല്ലാവരും കരുണാമയി എന്നാണല്ലോ നിന്നെ വിളിക്കാറുള്ളതും.

കു—സി:—“അതിനെന്താണ് സംശയം? ദേവി കരുണാമയിതന്നെ. അതാ നോക്കു. ദേവിയുടെ മുഖത്തു സ്ഫുരിക്കുന്ന കരുണാരസം നീ കാണുന്നില്ലേ?

വെറുപ്പിന്റേയോ കോപത്തിന്റേയോ ലാഞ്ഛനംപോലും അവിടെ കാണ്മാനില്ല. അന്നപൂർണ്ണേശ്വരി സ്വർഗ്ഗത്തിലെ ദേവതയാണ്. സ്വർഗ്ഗമോ പ്രേമത്തിന്റെ സാമ്രാജ്യമത്രേ. ദേവി നിന്നെ പ്രേമാർദ്രമായ ദൃഷ്ടിയാൽനോക്കിക്കൊണ്ടിരിക്കുന്നുവെന്ന് എനിക്കറിയാം. ദേവിയുടെ മുഖത്ത് ഒരു സ്മിതപ്രഭ പരന്നിരിക്കുന്നത് നീ കാണുന്നില്ലേ? കമലേ! ദേവിയുടെയും നിന്റെയും മുഖകമലങ്ങൾക്ക് എത്രമാത്രം സാദൃശ്യം ഉണ്ടെന്ന് നീ അറിഞ്ഞുകാണുകയില്ല. ഞാൻ യാതൊരു വ്യത്യാസവും കാണുന്നില്ല. എനിക്ക് നീതന്നെയാണ് ദേവി. നീ ദേവിയുടെ ഉടയാട ധരിച്ച് ആ സിംഹാസനത്തിൽ ഇരിക്കുന്നപക്ഷം ജനങ്ങൾ തീർച്ചയായും നിന്നെത്തന്നെ പൂജിച്ചുതുടങ്ങും."

കമല:—(ദേവിയുടെ നേക്കു നോക്കീട്ട്) "എന്റെ സഖീജനങ്ങളും ഇതേവിധത്തിൽ പറയാറുണ്ട്."

കു-സിംഹൻ:—"അതിൽ ആശ്ചര്യപ്പെടാനെന്തുള്ളു! ദേവി നിന്റെ ജനനിയും നീ അവളുടെ പുത്രിയും അല്ലേ? വരിക. അമ്മ നിന്റെ പ്രാത്ഥന കേട്ടു പ്രീണിതയായി നിന്നെ ആശീർവദിച്ചുകൊണ്ടിരിക്കുന്നു"

[ശംഖനാദം കേൾക്കുന്നു.]

"കമലേ ഈ ശംഖനാദം എന്താണ്?"

കമല:—"രാത്രിയുടെ അന്തിമയാമം കഴിയാറായെന്ന് ഈ ശംഖനാദം സൂചിപ്പിക്കുന്നു."

കു-സിംഹൻ:—"ഓഹൊ! നേരം പ്രഭാതമായി. കിളിവാതിലിൽക്കൂടി ഉഷഃകാലത്തിലെ അസ്പഷ്ടരശ്മികൾ അകത്തു കടക്കുന്നതു നോക്കുക."

കമല:—"അമ്മ പരിചാരികാവൃന്ദത്തോടുകൂടി വരുമ്പോൾ
പ്രാതഃകാലത്തിലെ ശീതളപവനനും ശാന്തിപ്രദമാ
യ പ്രകാശവും പക്ഷികളുടെ കളകളരവവും അവരെ
അഭിവാദനംചെയ്യട്ടേ എന്നു വിചാരിച്ച് ഞാൻ പ്ര
ഭാതത്തിനുമുമ്പുതന്നേ കിളിവാതലുകൾ തുറന്നിടുക
യാണു പതിവ്. പ്രാൎത്ഥനയ്ക്കുള്ള സമയമായെന്നു
കാണിക്കാനായി മണിയടിക്കയും പതിവാണ്. ദരി
ദ്രന്മാൎക്ക് അന്നവസ്ത്രാദികൾ കൊടുക്കുന്നതിനായി വേ
ണ്ടതെല്ലാം ഇവിടെ ഒരുക്കിവച്ചിട്ടുണ്ട്. അതിനുള്ള
സമയം ആയിക്കഴിഞ്ഞിരിക്കുന്നു. പക്ഷേ ഇന്നു
ഞാൻ ഇവിടെ കാണുകയില്ല; അവർ വന്നു നോക്കു
മ്പോൾ എന്നെക്കാണാതിരിക്കുന്നപക്ഷം എന്തു പറ
യുമോ? എന്റെ സ്ഥാനത്തേയ്ക്ക് അമ്മ വേറെ ഒരു
സുകൃതശാലിനിയെ നിയമിക്കും. ദരിദ്രജനങ്ങളെ പ
രിചരിക്കാനുള്ള ഭാഗ്യം അവൾക്കു കിട്ടും."

കു-സിംഹൻ:—"കമലേ! ഇനി എങ്കിലും അമാന്തിക്കരുതേ!
അല്പസമയത്തിനുള്ളിൽ പരിചാരികമാർ ഇവിടെ
എത്തും. പിന്നീടു നമുക്കു പോവാൻ സാധിക്കയില്ല.
നമ്മുടെ ഭാവിസൌഖ്യഭണ്ഡാരത്തെ അവർ എന്നെ
ന്നേയ്ക്കുമായി അടച്ചുകളയും. അതാ, അവരുടെ പാ
ദശബ്ദം കേൾക്കുന്നു."

കമല:—"അതേ അവർ വരുന്നു. എന്റെ സഹോദരിമാർ
വന്നുതുടങ്ങി. കഷ്ടം! അവൎക്ക് എന്റെ പേരിൽ എ
ത്രമാത്രം വിശ്വാസമായിരുന്നു! എത്രമാത്രം വാത്സ
ല്യം! എന്നെ വളരെ പരിശുദ്ധയായി അവർ ഗണി
ച്ചിരുന്നു; എന്റെ സാധുസേവാകൎമ്മങ്ങളെ ശ്രദ്ധാപൂ
ൎവ്വം നോക്കിവന്നിരുന്നു. എന്നാൽ ഇന്ന് അവർ കാ

ള്ളമെല്ലാം മനസ്സിലാകും; എന്നെ ഇന്നുമുതൽ അ
വർ വെറുത്തുതുടങ്ങും. ഇതുവരെ അവക്ക് എന്നോട്
എത്രമാത്രം പ്രേമമുണ്ടായിരുന്നോ അതിലധികം വെ
റുപ്പ് ഇന്നുമുതൽക്ക് ഉണ്ടാവാതിരിക്കയില്ല. എൻെറ
ഈ കളങ്കത്തെ ഞാൻകൂടെ കൊണ്ടുപൊയ്ക്കൊള്ളാം.
ഈ മൂടുപടം മാത്രം ഇവിടെ വെച്ചേയ്ക്കാം" (അ
തിനെ താഴെ വെയ്ക്കുന്നു.)

(പെട്ടെന്ന് എന്തോ സ്മരണയുണ്ടായിട്ട് അവരം അ
തിനെ പൊക്കിയെടുത്ത് ദേവിയുടെ ചരണങ്ങളിൽ വെ
യ്ക്കുന്നു.)

"അവർ സ്നേഹപൂർവം എനിക്കു നൽകിയതും ശാ
ന്തിപ്രദവുമായയ ഈ വിശിഷ്ടപരിധാനത്തെ അനാദ
രത്തോടുകൂടി ഞാൻ എറിഞ്ഞുകളഞ്ഞുവെന്ന് അവർ
വിചാരിക്കാതിരിക്കട്ടെ. ദേവി! ഈ പരിധാനത്തേയും
തത്സംബന്ധിയായ കാര്യഭാരത്തേയും ഞാൻ നിന്നെ
ത്തന്നേ ഏല്പിക്കുന്നു. ഇനി മന്ദിരത്തിനുള്ളിൽ
പ്രവേശിക്കുന്നതിനും ഉദ്യാനത്തിൽ ചെന്നു പൂവിറു
ത്തു മാലകെട്ടി ദേവിയെ ചാർത്തുന്നതിനും എനിക്കു
സാധിക്കയില്ല. എന്തെങ്കിലും ദുഃഖം നേരിട്ടാൽ
അതിനെപ്പററി സങ്കടം പറയുന്നതിനും ഞാൻ ഇ
നി വരില്ല. എനിക്ക് എപ്പോഴെങ്കിലും മനശ്ശാ
ന്തിയുണ്ടാകുമോ? എൻെറ ഭാവി എന്താണെന്നു നി
നക്കു അറിയാം. എനിക്കു നിശ്ചയമില്ല. വരാനു
ള്ളതു വരും. അതിനാൽ ഞാൻ ഇതാ പോകുന്നു.
എന്നെന്നേയ്ക്കുമായി നിന്നേവിട്ടു ഞാൻ ഇതാ പോ
കുന്നു. ദേവി ഈ മന്ദിരത്തിലെ നിയമങ്ങളെ ഉല്ലം
ഘിക്കുന്നവക്ക് ഒരിക്കലും മാപ്പുകൊടുക്കയില്ലെന്നും
ആരും അവരെ സ്നേഹദൃഷ്ട്യാ നോക്കുകയില്ലെന്നും

ആ പാപത്തിന് ഒരു പരിഹാരവുമില്ലെന്നും ഇവിടെ എഴുതീട്ടുണ്ട്. അന്നപൂൎണ്ണേശ്വരീ! തായേ! പറഞ്ഞുതന്നാലും! ഇപ്പോഴെങ്കിലും പറഞ്ഞുതരിക. നിനക്കിഷ്ടമില്ലെങ്കിൽ ഞാൻ പോവുന്നില്ല. ഞാൻ നിന്നോട് അസംഭവമായോ അലൌകികമായോ ഉള്ള യാതൊന്നും ചെയ്തുതരണമെന്നു പ്രാൎത്ഥിക്കുന്നില്ല. നീ ഏതെങ്കിലുംവിധത്തിൽ വല്ല ചിഹ്നങ്ങളാലോ മറ്റോ നിന്റെ അപ്രീതിയെ പ്രകാശിപ്പിക്കേണമേ! എത്ര നിസ്സാരമായ ചിഹ്നമായാലും മതി. ഞാൻ പോവുകയില്ല. നിൻെറ മുഖത്തു പതിച്ചിരിക്കുന്ന ദീപച്ഛായ ഒരു നിമിഷനേരത്തേയ്ക്കെങ്കിലും അവിടെ നിന്നുമാറിയാൽ, നിനക്ക് അപ്രീതിയുണ്ടെന്നു ഞാൻ ധരിച്ചുകൊള്ളാം. അതിനുശേഷം നിൻെറ ആശ്രയത്തെ വിട്ട്, നിൻെറ മടിയിൽ നിന്ന് ഇറങ്ങി, ഒരുകാലത്തും പോകണമെന്ന് ഞാൻ വിചാരിക്കയില്ല. ഇതു് എൻെറ അന്തിമപ്രാൎത്ഥനയാണ്. ദേവി എൻെറ നേക്കു നോക്കുക. ഞാൻ ഇതാ നിൻെറ മുഖത്തു് വല്ല ചിഹ്നവും പ്രത്യക്ഷപ്പെടുന്നോ എന്നു പ്രതീക്ഷിച്ചുകൊണ്ടു ഇരിക്കുന്നു."

(നിശ്ചലദൃഷ്ടിയായി ദേവീവിഗ്രഹത്തെ നോക്കിക്കൊണ്ടു് അവർ നിൽക്കുന്നു.)

"കഷ്ടം! നീ എനിട്ടു മിണ്ടാതിരിക്കുന്നല്ലോ."

കു-സിംഹൻ:—കമലേ! ദേവി! നിനക്കു പോകാൻ വിട നൽകിയിരിക്കുന്നു."

കമല:—എന്നാൽ നടക്കുക.

(കുമാരസിംഹൻ കമലയുടെ കരം ഗ്രഹിച്ചുകൊണ്ടു പ്രഭാതലോകത്തിൽ രഞ്ജിതമായ ലോകത്തിൽ കൂടി നടന്നുപോകുന്നു. സേവാസദനം കുറച്ചുനേരത്തേക്കു നിശ്ശബ്ദമായിരിക്കുന്നു. ഒടുവിൽ ഒരു ഘണ്ടാനാദം കേൾക്കുന്നു.)

——— (ഠ) ———

## രണ്ടാം അങ്കം

(ക്രമേണ ഘണ്ടാനാദം നിന്നിട്ട്, സേവാസദനം മുഴുവനും നിശ്ശബ്ദത വ്യാപിക്കുന്നു. ദേവീപ്രതിമയിൽ എന്തോ അത്ഭുതപൂർവ്വമായ ഒരുണർച്ച കാണപ്പെടുന്നു. ചിന്തയിൽ നിമഗ്നയായതുപോലെ ഇരുന്ന ദേവി, പെട്ടെന്നു സിംഹാസനത്തിൽ നിന്ന് ഇറങ്ങി, തൻെറ കാൽച്ചുവട്ടിൽ വെച്ചിരുന്ന മൂടുപടത്തെ എടുത്ത് കൌശേയവസ്ത്രത്താലും രത്നാഭരണങ്ങളാലും സമലംകൃതമായ തൻെറ ശരീരത്തിൽ അണിയുന്നു. മധുരസ്വരത്തിൽ ഗാനംചെയ്തുകൊണ്ടു സാധുസേവനത്തിനുള്ള സാമഗ്രികളോടുകൂടി വാതുക്കലേക്കു വരുന്നു.)

ദേവി (പാടുന്നു)

കമാസ്—രൂപകം

പല്ലവി.

മതഭക്തരക്കേശിടുമോ പാപകമർദ്ദമം? (മതഭക്ത)

അനുപല്ലവി.

നൈരാശ്യം പൂണ്ടിടാതെ നിശ്ചലപ്രേമമാന്ന (മതഭക്ത)

ചരണം

ബാഷ്പകുലേക്ഷണനായെന്നിൽ സദാകാലം
നിർവ്യാജം പ്രാണാർപ്പണംചെയ്തു വാണീടുന്നൊരു (മത്ഭക്ത)

"ഭക്തനെ ഞാൻ മടിയിലിരുത്തി ലാളിക്കും; അവൻ രോഗമൂർച്ഛിതനായാൽ ഞാൻതന്നെ അവനെ ഉപചരിക്കും; കരുണാദൃഷ്ടിയാൽ എന്നെ ദ്രവിപ്പിക്കുന്ന ഗതിഹീനന് മാർഗ്ഗഭ്രംശം വന്നുപോയാലും, ഞാൻ അവനെ കൂട്ടിക്കൊണ്ടുവരും; സ്ഥിരചിത്തനായി എന്നെ സേവിക്കുന്ന ഭക്തന്റെ ഭാരത്തെ ഞാൻ ഏറ്റുകൊള്ളും."

(വാതുക്കൽ ആരോ മുട്ടുന്നു; ദേവി വാതിൽ തുറന്നപ്പോൾ മലിനവസ്ത്രധാരിണിയായ ഒരു അനാഥ ബാലിക അകത്തേക്കു കടക്കാൻ ഭാവിച്ചിട്ട് ചകിതയായി ദ്വാരദേശത്തിൽ തന്നെ നിൽക്കുന്നു.

ദേവി:—"സുധേ! വരൂ! നമുക്ക് ഉദ്യാനത്തിലേക്കു പോവാം. എന്താണു നീ മാറിനിൽക്കുന്നതു്?"

സുധ:—"അവിടുത്തെ വസ്ത്രത്തിന് ഇന്ന് അസാധാരണമായ ഒരു ശോഭ എങ്ങനെ ഉണ്ടായി?"

ദേവി:—"ഉഷഃകാലംകഴിഞ്ഞാൽ എല്ലായിടത്തും ഒരു പ്രകാശം വ്യാപിക്കുന്നതിൽ അസാധാരണമായിട്ടെന്താണുള്ളതു്?"

സുധ:—"അവിടത്തെ നേത്രങ്ങൾക്ക് ഈ ദിവ്യതേജസ്സ് ഇന്ന് എവിടെ നിന്നു കിട്ടി?"

ദേവി:—"പ്രേമഭാവത്തോടുകൂടി സദാപി ദേവിയെ ഭജിക്കുന്നവരുടെ നേത്രങ്ങൾക്ക് ഒരു ദിവ്യതേജസ്സു താനേ ഉണ്ടാവും."

സുധ:—"അവിടത്തെ കൈകൾക്ക് എന്തൊരു കാന്തിവിശേഷം!"

ദേവി:—"ദരിദ്രഗണത്തിനു ഭിക്ഷാദാനം ചെയ്തുകൊണ്ടിരിക്കുന്ന കൈകൾക്കു് ഇത്തരം ഒരു പ്രഭ കാണാതിരിക്കയില്ല. സുധേ! നീ തനിച്ചാണോ വന്നതു്?"

സുധ:—"അതേ."

ദേവി:—"നമ്മുടെ ദരിദ്രബന്ധുക്കളെല്ലാം ഇന്നു് എവിടെപ്പോയി?"

സുധ:—"അവർ ഇന്നു വരുമെന്നു തോന്നുന്നില്ല. എന്തോ ഒരു വിശേഷ വൎത്തമാനം കേട്ടു് അവർ ഭയപ്പെട്ടുവത്രേ."

ദേവി:—"എന്താണു് അവർ കേട്ടതു്?"

സുധ:—"കുമാരസിംഹനോടുകൂടി കമല ഓടിക്കളഞ്ഞുവെന്നു് ആരോ ഒരു കിംവദന്തി പരത്തി. ദരിദ്രജനബന്ധുവായ കമല ഇവിടെ ഇല്ലെങ്കിൽ അവർ പിന്നെ എന്തിനു വരുന്നു?"

ദേവി:—"എന്തു്? ഞാൻ കമലയെപ്പോലെ ഇരിക്കുന്നില്ലെന്നുണ്ടോ?"

സുധ:—"അവരിൽ ഒരാൾ കമലയെക്കണ്ടു സംസാരിച്ചുപോലും."

ദേവി:—"ഈശ്വരൻമാത്രം അതൊന്നും കാണുകയോ കേൾക്കയോ ചെയ്തില്ല."

(സുധയെ മടിയിൽ ഇരുത്തുന്നു.)

"സുധേ! ഇന്നു് എനിക്കു നിന്നെ മടിയിൽ ഇരുത്തി ലാളിക്കുന്നതിനു സാധിച്ചു. [സ്വഗതം] ഈ കഥയില്ലാത്ത ബാലിക എന്നെ നല്ലപോലെ അറിയും. പക്ഷേ അവൾ ആരോടും ഇക്കഥയെപ്പററി ഒരക്ഷരം ഉരിയാടുകയില്ല. [അവളുടെ നേത്രങ്ങളിൽ സൂക്ഷിച്ചു നോക്കീട്ടു്] ജീവാത്മാ

വിൻെറ പവിത്രതയും, നിസൎഗ്ഗജമായുള്ള ശോഭാവിശേഷം ഈ കണ്ണുകളിൽ സ്ഫുരിക്കുന്നു. സ്വൎഗ്ഗത്തിലും സൌന്ദൎയ്യം ഉണ്ട്. എന്നാൽ അവിടെ അശ്രുപ്രവാഹം കാണുകയില്ല. സുധേ! നീ എന്തിനു കരയുന്നു? മതി മകളേ! മതി. നീ പോയി നമ്മുടെ ദരിദ്രബന്ധുക്കൾ എവിടെയാണെന്നു നോക്കീട്ടു വരിക. ഞാൻ അവരെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നുവെന്ന് പറയുക. പ്രാൎത്ഥനയ്ക്കുള്ള സമയമായി."

സുധ:—[വഴിയിലേക്കു നോക്കീട്ട്] "അതാ അവർ വരുന്നു.

[രോഗികളും ശക്തിവിഹീനരുമായ ഒരു ദരിദ്രസംഘം അടുത്തു വരുന്നു. ദേവി ഇതു കണ്ട് എഴുന്നേററു വിസ്മയ ഭയ സങ്കോചാദികളോടുകൂടി അടുത്തു വരുന്നു]

ദേവി:—"നിങ്ങൾ വന്നുകഴിഞ്ഞോ? എന്താണ് ഇത്ര താമസിച്ചതു്? ഇനി വേഗമാവട്ടെ! സൂൎയ്യോദയമായി. പ്രാൎത്ഥനയ്ക്കുള്ള സമയമടുത്തതിനാൽ സഹോദരിമാർ വന്നു വാതിലടച്ചുകളയും. പിന്നെ ഭിക്ഷാദാനം നടക്കുകയില്ല. അതിനാൽ വേഗം വരുവിൻ."

ഒരു ഭിക്ഷുകി:—(മുന്നോട്ടുവന്നിട്ട്) "അമ്മേ! ഇന്നു ഞങ്ങൾക്ക് ഒരു ഭ്രമം പിടിപെട്ടു. ഞങ്ങൾ"—

ദേവി:—(അവൾക്ക് ഒരു വസ്ത്രംകൊടുത്തിട്ട്) "പ്രകാശമുണ്ടാവുമ്പോൾ ഭ്രമം നീങ്ങും."

രണ്ടാം ഭിക്ഷുകൻ:—"ഞങ്ങൾ രാത്രിയിലെ അന്ധകാരത്തിൽ ഒരു ദുസ്വപ്നം കണ്ടു."

ദേവി:—(അയാൾക്കും ഒരു വസ്ത്രം നൽകീട്ട്) "നിശാകാലം അവസാനിക്കുമ്പോൾ അന്ധകാരവും നീങ്ങും. ബന്ധുജനങ്ങളേ! വരിക. ഞങ്ങളെപ്പോലുള്ളവൎക്ക് ഒരു മാ

തിരി കുഭാവവും ഉണ്ടാവുകയില്ല. എല്ലാം ക്ഷമിച്ചിരിക്കുന്നു."

ഒരു സ്ത്രീ:—"സഹോദരി! എന്റെ അമ്മയ്ക്കു കൊടുക്കാനായി എനിക്കു് ഒരു മുണ്ടു വേണം."

വേറൊരു സ്ത്രീ:—"എനിക്കു കുറെ ആഹാരം വേണം."

മൂന്നാം സ്ത്രീ:—"എന്റെ കുട്ടിക്കുവേണ്ടി വല്ലതും തരണേ!"

(ദരിദ്രഗണം ഭിക്ഷയ്ക്കായി ദേവിയുടെ നാലുവശത്തും ചുററിക്കൂടുന്നു. ദേവി വിലയേറിയ വസ്ത്രാഭരണാദികളും പുഷ്പഫലമൂലാദികളും വിതരണംചെയ്യുന്നു. ദേവിയുടെ ഭിക്ഷാപാത്രം എന്നിട്ടും ഒഴിയുന്നില്ല. ആരു് എന്തു ഇച്ഛിക്കുന്നുവോ അതു പാത്രത്തിൽ കാണുന്നു. ദരിദ്രരുടെ ചിരകാലികമായ മനോരഥങ്ങൾ എല്ലാം സാധിക്കുന്നു. അവരുടെ ആനന്ദം പരമസീമയെ പ്രാപിക്കുന്നു. ഒരാൾ തന്റെ അനഘമായ വസ്ത്രംകണ്ടിട്ടു് ചകിതനാവുന്നു. വേറൊരാൾ തനിക്കു ലഭിച്ച അലംകാരങ്ങളെ വിസ്മയത്തോടുകൂടി നോക്കുന്നു. അവരുടെ രോഗശോകചിന്താഭയസന്ദേഹാദികൾ എല്ലാം അസ്തമിക്കുന്നു. ഏകസ്വരത്തിൽ എല്ലാവരും ഹർഷധ്വനി പുറപ്പെടുവിക്കുന്നു.)

ദരിദ്രസമൂഹം:—അന്നപൂർണ്ണേശ്വരി ജയിക്കട്ടേ! കരുണാമയിയായ ദേവി ജയിക്കട്ടേ! കുമാരി ജയിക്കട്ടേ! കമല ജയിക്കട്ടേ!

ദേവി:—"ബന്ധുക്കളേ! വരിക. ഇന്നു പ്രേമത്തിന്റെ സുദിനമാണു്. ഇന്നു നിസ്സീമമായ പ്രേമത്തിന്റെ വിജയദിവസമാണു്. എല്ലാവരും പരസ്പരം പ്രേമപൂർവം വർത്തിക്കുവിൻ! ദ്വേഷത്തെ എല്ലാവരും കൈവെടിയുവിൻ! പാപകാലുഷ്യത്തെ പ്രേമാശ്രുക്കളാൽ കഴുകിക്കളയുവിൻ! ജീവിതത്തിൽ സുഖദുഃഖങ്ങളെ ഏകരൂപമാക്കുവിൻ! നീചന്മാരെയും പതിതമാരെയും ഹൃ

ദയത്തോട്ട ചേക്കുവിൻ. അവരെ പ്രേമപൂവ്വം ആലിംഗനംചെയ്യിൻ!”

(ശംഖനാദം—ഭിക്ഷാപാത്രം ഒഴിയുന്നു. ദേവി ദരിദ്ര സമൂഹത്തെ വെളിക്കവിട്ടിട്ട് വാതിൽ അടയ്ക്കുന്നു. പ്രാത്ഥനാകാലത്തെ ഘണ്ടാനാദം കേട്ട് മഠാദ്ധ്യക്ഷ പരിചാരികാഗണത്തോട്ടുക്രുടി വരുന്നു.)

അദ്ധ്യക്ഷ:—(ദേവിയെ നോക്കീട്ട്) “സഹോദരി! കമലേ! ഇന്നു പ്രാത്ഥനയ്ക്കുള്ള മണി യഥാസമയം അടിക്കാതിരുന്നതു വലിയ പിശകായിപ്പോയി..അതിനാൽ നീ മൂന്നു ദിവസത്തെ ഉപവാസവ്രതം അനുഷ്ഠിക്കണം.”

ദേവി:—(ലജ്ജിച്ചു മുഖംതാഴ്ത്തിയിട്ട്) “അമ്മയുടെ കല്പന പോലെ.

(മഠാദ്ധ്യക്ഷ മുന്നോട്ട നടന്നു സിംഹാസനത്തിനരികിൽ വന്നു. നമസ്കരിക്കാൻ ഭാവിച്ചപ്പോറം സിംഹാസനം ഒഴിഞ്ഞുകാണുന്നു. പരിചാരികകറം പരിഭ്രമിച്ചു പരസ്പരം നോക്കുന്നു. കുറച്ചുനേരത്തേക്ക് എല്ലാവരും മൌനം അവലംബിക്കുന്നു. പിന്നീട്ട് ഓരോരുത്തർ ഓരോവിധം പറയുന്നു.)

ഒരുത്തി:—അയ്യോ! ദേവിയെ കാണ്മാനില്ലല്ലോ!

രണ്ടാ:—ദേവി നമ്മെ ഉപേക്ഷിച്ചുകളഞ്ഞിരിക്കുമോ?

മൂന്നാ:—ഇനി നാം ഇവിടെ എങ്ങിനെ പാക്കും?

നാലാ:—ഈ മന്ദിരത്തിന് ഏതൊ അശുദ്ധം പററിയിരിക്കണം.

അഞ്ചാ:—ഇതു് ആരുടെ പാപകമ്മത്തിൻെറ ഫലമായിരിക്കുമോ! ദേവിക്കുതന്നെ അറിയാം.

(ദേവിയും സിംഹാസനത്തിനടുത്തുവന്നു് നിശ്ചലദൃഷ്ട്യാ നോക്കിക്കൊണ്ടു നില്ക്കുന്നു. മുഖത്തു ശാന്തി കളിയാടുന്നു)

അദ്ധ്യക്ഷ:—"കമലേ! നിനക്കു് ഇപ്പോഠം തീവ്രമായ മനോവേദനയുണ്ടെന്നു് എനിയ്ക്കറിയാം. ദേവീവിഗ്രഹത്തെ സംരക്ഷിയ്ക്കുന്ന ഭാരം നിന്നിലാണു ചുമത്തിയിരുന്നതു്. എന്നാൽ നീ ഒട്ടും മനസ്താപപ്പെടേണ്ട. ഭയപ്പെട്ടിട്ടു് എന്തുപ്രയോജനം? ദേവിയുടെ ഇച്ഛ ഇങ്ങനെയാണെങ്കിൽ നാം എന്തുചെയ്യും? പക്ഷെ നിന്നോടു ചില സംഗതികഠം ചോദിപ്പാനുണ്ടു്. നിനക്കു് ഇതിനെപ്പററി വല്ലതും അറിയാമൊ?"

(ദേവി മിണ്ടാതെ നിൽക്കുന്നു)

"എന്താണു മിണ്ടാതെ നില്ക്കുന്നതു്? നിനക്കു് എന്തു പററി? നിന്നിൽ ഇന്നു് എന്തൊ ഒരു വിചിത്രഭാവം കാണുന്നുണ്ടു്. ഇടയ്ക്കിടയ്ക്കു് നിൻെറ മുഖത്തു നിന്നും ഒരു പ്രഭ പുറപ്പെട്ടുകൊണ്ടിരിക്കുന്നു—അല്ല—ഇതെന്താണു്? ഇന്നു് നിൻെറ വസ്ത്രവും ഇങ്ങനെയൊ? എന്തു്! എൻെറ ഭ്രമമായിരിക്കുമൊ? നിന്നെ ഇപ്പോഠം കണ്ടാൽ കമലയാണെന്നു് ആരും പറയുമെന്നു തോന്നുന്നില്ല. നിൻെറ വസ്ത്രത്തിൽനിന്നു് എന്തൊരു ദിവ്യകാന്തിയാണു പൊട്ടിപ്പുറപ്പെടുന്നതു്?"

(ദേവിയുടെ പരിധാനത്തെ സ്പർശിക്കുന്നു.)

"ഇതെന്തു്! ഇതു തൊട്ടുനോക്കിട്ടു് എൻെറ കൈ മാത്രമെ ആലോകിതമായിരിക്കുന്നൊള്ളു."

(ദേവിയുടെ കൈ പിടിച്ചു നോക്കിയപ്പോഠം സ്വർണ്ണകങ്കണം കാണുന്നു)

കമലേ! ഇതു് ദേവിയുടെ കങ്കണമാണല്ലോ.

(ക്രോധാവേശത്താൽ അവർ ദേവിയുടെ പരിധാനത്തെ വേർപെടുത്തുന്നു. ദേവിയുടെ സർവ്വാഭരണങ്ങളും കൌശേയാദികളും കണ്ടു് അവരുടെ കോപം അതിരുകവിയുന്നു. ഭയലജ്ജാഘൃണാദി വിവിധ വികാരങ്ങളോടുകൂടി അദ്ധ്യക്ഷയും പരിചാരികമാരും നിസ്തബ്ധരായി പരസ്പരം നോക്കിക്കൊണ്ടു നിൽക്കുന്നു. മഠാധ്യക്ഷ ഒരുവിധം ഹൃദയാവേഗത്തെ അടക്കീട്ടു് ഇപ്രകാരം പറയുന്നു.)

അദ്ധ്യക്ഷ:—കമലേ! ഇതെന്താണു്?

പരിചാരികാഗണം:—"ഇവൾക്കു ഭ്രാന്തു പിടിപെട്ടിരിക്കാം. ആഭരണങ്ങൾ കൊതിച്ചു് ഇവൾ ഇങ്ങനെ ചെയ്തതാണു്. ഈ നീചബുദ്ധി ഇവൾക്കു് എങ്ങിനെ ഉണ്ടായി? വെറും ഉന്മാദം—അല്ലാതെന്തു്? ഇവൾ ഒന്നും മിണ്ടുന്നില്ലല്ലോ? ഇനി നാം ഇവിടെ താമസിക്കുന്നതു് ഉചിതമല്ല. ഇവളോടുകൂടി താമസിച്ചാൽ, ഇവളുടെ ദുഷ്കർമ്മഫലം നാം കൂടി അനുഭവിക്കേണ്ടിവരും. ദേവി ഇവളെ കഠിനമായി ശിക്ഷിയ്ക്കാതെ വിടുകയില്ല. ദേവിയുടെ പ്രചണ്ഡമായ കോപാഗ്നിയിൽപെട്ടു് നാം കൂടി ഭസ്മമായേയ്ക്കും. പോവാം—നമുക്കിനി ഇവിടെ നിന്നു് ഓടിപ്പോവാം."

(സകല പരിചാരികകളും ഭയപരവശരായിട്ടു് ഓടിപ്പോവാൻ ഒരുങ്ങുന്നു. മഠാദ്ധ്യക്ഷ അവരെ തടഞ്ഞു നിർത്തുന്നു.)

അദ്ധ്യക്ഷ:—"നിങ്ങൾ പോവരുതു്. പാപത്തെ ഭയന്നു് നാം നമ്മുടെ സ്ഥാനങ്ങളിൽനിന്നു വ്യതിചലിക്കയൊ? വ

രാനുള്ള യൂ വഴിയിൽ തങ്ങുകയില്ല. നമുക്ക് ഒന്നുചേൎന്ന് ദേവിയുടെ ക്രോധാഗ്നി ശമിക്കാനായി പ്രാൎത്ഥിക്കാം."

കാമിനി(ഒരു പരിചാരിക):—"നാം ഇനി ഇവിടെ നില്ക്കുന്നതു നന്നല്ലെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

ദാമിനി:—"നമ്മുടെ സ്വാമിജിയോടു വിവരംപറയുന്നതു കൊള്ളാമെന്ന് എനിക്കു തോന്നുന്നു." അദ്ദേഹം വല്ല ഉപായവും കണ്ടുപിടിക്കാതിരിക്കയില്ല."

അദ്ധ്യക്ഷ:—"അതേ! ഭാമിനി പറയുന്നതു ശരിയാണ്. നമുക്ക് അങ്ങോട്ടു പോവാം. അദ്ദേഹത്തിന്റെ ആജ്ഞ അനുസരിച്ചു നമുക്കു പ്രവൎത്തിക്കാം. ഇതു് എന്തൊരു ദുഷ്കാലം."

കാമിനി:—(ദേവിയുടെ അടുത്തു ചെന്നിട്ട്) ദുഷ്ടേ! ഈ ദുഷ്കൎമ്മം നീ എന്തിനു ചെയ്തു?

ദാമിനി:—(അടുത്തുചെന്നിട്ട്)"നിനക്ക് ലേശംപോലും ഭയം തോന്നിയില്ലല്ലോ."

സുകേശിനി:—കഷ്ടം! കമലേ! നിനക്ക് ഇങ്ങനെ ഒരു ദുർബ്ബുദ്ധി വരാൻ സംഗതിയെന്ത്?

(ദേവി അവളെ സ്നേഹദൃഷ്ടിയോടുകൂടി നോക്കുന്നു.)

കാമിനി:—(സുകേശിനിയോട്)ഇവരം നിന്നെത്തന്നെ നോക്കിക്കൊണ്ടിരിക്കുന്നു. നീ അവളോടു മിണ്ടുന്നതുതന്നെ ഉചിതമല്ല. ഓ! നീ അവളുടെ വിശ്വസ്തമിത്രമായിരുന്നല്ലോ!

സുകേശിനി:—(നിശ്വസിച്ചിട്ട്) "അതെ, എന്റെ സഖിയായിരുന്നു. ഇപ്പോഴും അങ്ങിനെതന്നെ."

കാമിനി:—(ആശ്ചൎയ്യത്തോടുകൂടി) "എന്തു് ഇപ്പോഴം നിന ക്ക് അവളോടു സ്നേഹമാണെന്നൊ?"

സുകേശിനി:—"അല്ലെന്നു് ഞാൻ എങ്ങനെ പറയും?"

കാമിനി:—"സഹോദരി! ഇവളുടെ പാപകൎമ്മത്തോടു ജുഗുപ്സ തോന്നുന്നുണ്ടെങ്കിലും, നിന്റെ അനുകമ്പ കണ്ടിട്ടു് എനിക്കും അല്പം അലിവുതോന്നുന്നു. പക്ഷെ ഇവൾ ഈ കഠിനകൎമ്മം ചെയ്തതു് എന്തിനാണു്?"

സുകേശിനി:—"സോദരി! ദേവിയുടെ മായയെ ആൎക്കു ധരിക്കാൻ കഴിയും? അല്ലെങ്കിൽ എന്റെ സൌശീല്യവതിയും ധൎമ്മപരായണയും ആയ ഈ സഖി എവിടെ? ഈ ദുഷ്കൎമ്മം എവിടെ?"

ദാമിനി:—(ഭാമിനിയോടു്) "എനിക്കു മുമ്പുതന്നെ ഇവളുടെ ചാരിത്ര്യത്തെപ്പററി ചില സംശയങ്ങളുണ്ടായിരുന്നു."

ഭാമിനി:—"എന്തു സംശയം? അങ്ങനെ ആണെങ്കിൽ എന്നോടു് എന്തുകൊണ്ടു പറഞ്ഞില്ല?"

ദാമിനി:—"എങ്ങനെ പറയും? കേവലം സംശയത്തെ ആധാരമാക്കി വല്ലതും പറയുന്നതു് ഉചിതമാണോ? ഇപ്പോൾ അക്കാൎയ്യത്തിൽ ഉറപ്പു വന്നതുകൊണ്ടു മാത്രം പറയാമെന്നു വച്ചതാണു്. പവിത്രചരിതകൾക്കു് ഇങ്ങനെ ഒരു പാവനബുദ്ധി എപ്പോഴെങ്കിലും ഉണ്ടാവുമോ?"

ഭാമിനി:—"നിന്റെ സംശയം എന്തായിരുന്നു? കേൾക്കട്ടേ!"

ദാമിനി:—"ചിലപ്പോഴൊക്കെ അവൾ കുമാരസിംഹനെക്കണ്ടു സംസാരിക്കാറുണ്ടായിരുന്നു."

ഭാമിനി:—"ഛീ! ആ പാപകഥ എനിക്കു കേൾക്കയേ വേണ്ട!"

ദാമിനി:—"ഞാൻതന്നെ ഒരു പ്രാവശ്യം കാണുകയുണ്ടായി. 'എന്നോടു ദയവുണ്ടാകണേ! എൻെറ ജീവിതത്തിനു ശാന്തിയുണ്ടാവണമെന്ന് അങ്ങേയ്ക്ക് ആഗ്രഹമില്ലേ?' എന്ന് അവൾ അയാളോടു പറയുന്നതും ഞാൻ കേട്ടു."

ഭാമിനി:—"ഇവൾ ഇത്ര നീചയാണെന്ന് ഞാൻ ഒട്ടും വിചാരിച്ചിരുന്നില്ല. പക്ഷേ ആക്കറിയാം? നാം പാപിയാണെന്നു ശങ്കിക്കുന്നവൾ സാക്ഷാൽ ദേവി ആണെന്നു വരാം." (സ്വാമിജി വ്യഗ്രഭാവത്തിൽ പ്രവേശിക്കുന്നു)

അദ്ധ്യക്ഷ:—"ഭഗവൻ! ഞങ്ങൾക്ക് ഇപ്പോൾ എത്രമാത്രം മനോവേദനയുണ്ടെന്നു പറഞ്ഞറിവിപ്പാൻ പ്രയാസം. അവിടുന്ന് എന്തെങ്കിലും ഒരുപായം പറഞ്ഞുതരണം."

സ്വാമിജി:—വത്സേ! കമലയുടെ പാപനിവാരണത്തിനായി ദേവിയോടു പ്രാത്ഥിക്കുക. എനിക്കും അവളോടു ചിലതെല്ലാം ചോദിപ്പാനുണ്ട്." (ദേവിയുടെ നേക്കു നോക്കീട്ട്) "കമലേ! എൻെറ മുഖത്തുനോക്കി ഉത്തരം പറയുക. ഇവിടെ ഇങ്ങനെ സംഭവിക്കാൻ കാരണമെന്ത്?"

(ദേവി അവനതമുഖിയായി നിൽക്കുന്നു.)

"കമലേ! ഞാൻ ദേവിയുടെ പേരുചൊല്ലി നിന്നോടു ചോദിക്കുന്നു. വാസ്തവം പറയണം."

(ദേവി പിന്നെയും മിണ്ടാതെ നിൽക്കുന്നു)

കമലേ! നീ ദേവിയുടെ ആജ്ഞയെ ഭഞ്ജിക്കുന്നോ? ദേവിയുടെ ക്രോധത്തീയുടെ ചൂടു നീ അറിഞ്ഞിട്ടില്ലേ. നീ

എന്നോടു ശരിയായ സമാധാനം പറയാത്തപക്ഷം ആ ക്രോധാഗ്നിയിൽ നീ ദഹിച്ചുപോകുമെന്നു ഞാൻ പറയുന്നു.

അദ്ധ്യക്ഷ:—"ഇവൾ ഇതൊന്നും കേൾക്കുന്നില്ല."

കാമിനി:—"ഇവൾക്ക് അതു കേൾപ്പാൻപോലും ഇഷ്ടമില്ലെന്നു തോന്നുന്നു."

ഭാമിനി:—കഷ്ടം! ഇവൾക്ക് ഭയമില്ലായിരിക്കുമോ?

ദാമിനി:—"ലജ്ജയില്ലാതായാൽ പിന്നെ ഭയമെവിടെ?"

സ്വാമിജി:—"ശരി-നിന്റെ ഗർവ്വത്തിനു കാരണം മനസ്സിലായി. ഈ മാതിരി ദർപ്പം പാപത്തിന്റെ സന്തതിയാണ്. പാപത്തിനു പ്രാബല്യം സിദ്ധിക്കുമ്പോൾ ഭയത്തിനോ ശങ്കയ്ക്കോ വഴി ഉണ്ടാവുകയില്ല; ആ നിലയിൽ മനുഷ്യൻ തീരെ ഉന്മത്തനായിച്ചമയുന്നു."

(മഠാദ്ധ്യക്ഷയെ നോക്കീട്ട്)

ഞാൻ ഇവളെ നിന്നെ ഏല്പിച്ചിട്ടുപോകുന്നു. ഇവളെ കാരാഗാരത്തിലാക്കി പാപികൾക്കനുരൂപമായ ദണ്ഡശിക്ഷ നൽകണം. അല്പം നിർദ്ദയമായി പെരുമാറാത്തപക്ഷം ഇവളുടെ അഹങ്കാരം ശമിക്കുകയില്ല. ഞാൻ പോവട്ടേ. നീ ഇവളെക്കൂട്ടി കൊണ്ടുപോവുക."

(പരിചാരികകൾ ദേവിയെ കൂട്ടിക്കൊണ്ടുപോകുന്നു. സുകേശിനിമാത്രം അവിടെത്തന്നെ നിൽക്കുന്നു. അവൾ കണ്ണീർ ചൊരിയുന്ന കണ്ണുകളോടുകൂടി കമലയെ നോക്കീട്ട് ഉദ്യാനത്തിലേയ്ക്കു കടക്കുന്നു. എല്ലാവരും കാരാലയത്തിനുള്ളിൽ പ്രവേശിക്കുന്നു. ദേവി അകത്തു കാൽവെച്ചതേയുള്ളു. ഇരുളടഞ്ഞുകിടന്ന ആ

അറയിൽ എങ്ങനെയോ ഒരു പ്രകാശപടലം വ്യാപിക്കുന്നു. ഒരു മധുരഗാനംകേട്ട്, എല്ലാവരും വിസ്മയവിമുഗ്ദ്ധരായി ഭവിക്കുന്നു. ആരാണ് ഈവിധം അന്നപൂർണ്ണേശ്വരിയെ സ്തുതിക്കുന്നതെന്ന് അവർക്ക് മനസ്സിലാവുന്നില്ല. ഏതോ ഒരു ഗന്ധർവ്വൻ സ്വർഗ്ഗലോകത്തിൽനിന്നു വന്ന് ലോകത്തിന്റെ കല്യാണത്തിനു വേണ്ടി ദേവിയെ പ്രാർത്ഥിക്കയായിരിക്കുമെന്ന് അവർ ശങ്കിക്കുന്നു! എത്ര മധുരമായ സ്വരം! ഇത്ര പവിത്രമായ ഗാനം ഈ മർത്ത്യലോകത്തിൽ ഉണ്ടാവാൻ തരമില്ല. ക്രമേണ ഈ സ്വരം തീവ്രമായ്ഭവിച്ച് വായുമണ്ഡലത്തിലേയ്ക്ക് ഉയന്ന് ആ മന്ദിരത്തെ കമ്പിതമാക്കുന്നു; ഓരോ സ്വരവും ശ്രോതാക്കൾക്ക് ഉത്സാഹം ജനിപ്പിക്കുന്നു; മർത്ത്യലോകത്തിന്റെ ദുർബ്ബലതയെ ദൂരീകരിച്ച് ഒരു ദിവ്യശക്തിയെ പ്രചരിപ്പിക്കുന്നു; അറയ്ക്കുള്ളിൽ പെട്ടെന്ന് ഒരു ജ്വാല പൊട്ടിപ്പുറപ്പെട്ടതു കണ്ട് എല്ലാവരും സംഭ്രമിച്ച് നാലുപാടും ചുററിക്കൂടുന്നു; ഗാനം നിൽക്കുന്നു; എല്ലായിടത്തും പ്രശാന്തത പരക്കുന്നു. ദേവിയുടെമേൽ പുഷ്പവഷം ഉണ്ടാവുന്നു. എല്ലാവരും ഭയവിഹ്വലരായി ദേവിയെ കാരാഗാരത്തിനുള്ളിൽ നിന്നു വെളിക്കു കൊണ്ടുവരുന്നു. അവിടേയും പുഷ്പവർഷം ഉണ്ടായിക്കൊണ്ടിരിക്കുന്നു. പരിചാരികമാരെല്ലാം ദേവിയെ സ്തുതിക്കുന്നു. പരസ്പരം അവർ ആലിംഗനം ചെയ്ത് ആനന്ദനിമഗ്നരായി ചമയുന്നു. വിദ്വേഷത്തിന്റേയും ദുരഹങ്കാരത്തിന്റെയും ലാഞ്ഛനംപോലും അവരെ സ്പശിക്കുന്നില്ല.)

പരിചാരികാഗണം:—“കമല പവിത്രയാണ്. ഇവളുടെ പരിശുദ്ധമായ ശരീരത്തിൽ ദേവി കുടികൊള്ളുന്നു.

കമലയുടെ ദേഹത്തിൽ നിന്നു പ്രവഹിക്കുന്ന തേജഃപുഞ്ജം നോക്കുക. അവളിൽനിന്നുണ്ടായ ദിവ്യാലോകം നമ്മിൽ ഒരു പുതിയ പ്രേമഭാവത്തെ ഉണൎത്തിയിരിക്കുന്നു."

അദ്ധ്യക്ഷ:—"വരിക; നമുക്ക് കമലയോടു നമ്മുടെ പാപനിവാരണാൎത്ഥം ക്ഷമായാചനം ചെയ്യാം."

ദാമിനി:—"കഷ്ടം! ഞാൻ ഇവളുടെ ചാരിത്ര്യത്തെപ്പററി ശങ്കിച്ചതു മഹാ പാതകമായിപ്പോയി."

ഭാമിനി:—ഞാനും അവളെ ശങ്കിക്കാനിടയായതിൽ പശ്ചാത്തപിക്കുന്നു.

അദ്ധ്യക്ഷ:—"വരുവിൻ! എല്ലാവൎക്കും അവൾ മാപ്പു തരും. ഇന്നു് പ്രേമത്തിൻെറ വിജയദിവസമാണു്."

(ഇതിനിടയ്ക്കു് ആരോ ദ്വാരദേശത്തിൽ വന്നു മുട്ടുന്നു. ഇതുവരെ നിശ്ചേഷ്ടയായിരുന്ന ദേവി പെട്ടെന്നു ചൈതന്യഭരിതയായ്ഭവിക്കുന്നു. വാതിൽ തുറന്നു് ദേവി അവരെ അകത്തുവിടുന്നു. മൂന്നു ദരിദ്രജനങ്ങൾ വരുന്നു. ദേവി അവൎക്കു സ്വാഗതം പറയുന്നു. എല്ലാവരും ദേവിയെ വണങ്ങീട്ടു് പിരിഞ്ഞുപോകുന്നു. ദേവിയും യാതൊരു വിശേഷസംഭവങ്ങളും ഉണ്ടാകാതിരുന്നാൽ എങ്ങനെയോ അതുപോലെ പഴേ രീതിയിൽ കമലയുടെ കൃത്യങ്ങൾ നിൎവ്വഹിക്കുന്നു.)

—(0)—

DEPARTMENTAL LIBRARIES
14 MAR 1950

# മൂന്നാം അങ്കം

(അന്നപൂൎണ്ണിക്ഷേത്രം—സിംഹാസനത്തിൽ ദേവിയുടെ വിഗ്രഹം കാണുന്നു. ഒന്നാം അങ്കത്തിൽ കമല ദേവിയുടെ കാൽച്ചുവട്ടിൽ വെച്ചിട്ടുപോയ മുട്ടുപടവും മറവും അവിടെത്തന്നെ ഇരിക്കുന്നു. ദേവി തന്റെ വസ്ത്രാലങ്കാരങ്ങൾ അണിഞ്ഞിരിക്കുന്നു. മന്ദിരത്തിന്റെ വാതിൽ തുറന്നുകിടക്കുന്നു. കമല വിട്ടുപിരിഞ്ഞുപോയ അവസരത്തിലെന്നപോലെ ഒരു ദീപം അവിടെ ജ്വലിച്ചുകൊണ്ടിരിക്കുന്നുണ്ട്. എല്ലാം അതേനിലയിൽതന്നെ ഇരിക്കുന്നു. ശിശിരത്തിലെ ഒരു ഉഷഃകാലമാണ്. പ്രാൎത്ഥനാകാലത്തെ ഘണ്ടാനാദം പുറപ്പെട്ടുകഴിഞ്ഞു. പക്ഷേ മണിഅടിക്കാൻ അവിടെ ആരും ഉണ്ടായിരുന്നില്ല. അല്പസമയത്തിനുള്ളിൽ കമല പ്രവേശിക്കുന്നു. അവൾ ധരിച്ചിരിക്കുന്നതു് കീറിപ്പറിഞ്ഞ വസ്ത്രങ്ങളാണ്. തലമുടി നരച്ചിരിക്കുന്നു; നേത്രങ്ങളിൽ ജ്യോതിഷ്കണികപോലും ഇല്ല; ശരീരം ശിഥിലം; മുഖകാന്തി അസ്തമിച്ചു കാണുന്നു. അവളുടെ ജീവിതദീപത്തിന്റെ ശിഖ മലിനീഭവിച്ചതുപോലെ തോന്നുന്നു. അവൾ ക്ഷണനേരം വാതുക്കൽനിന്നിട്ടു് ഭയപരവശയായ ഒരു മാനിനെപ്പോലെ നാലുപാടും നോക്കുന്നു. അകത്തു് ആരും ഇല്ലെന്നറിഞ്ഞു് അവൾ മുന്നോട്ടു കടക്കുന്നു. ദേവിയുടെ വിഗ്രഹത്തിൽ ദൃഷ്ടിപതിച്ച ഉടനെ ഒരു സീൽകാരം അവളിൽനിന്നു പുറപ്പെടുന്നു. അതിൽ ദുഃഖം, പ്രത്യാശ, ഹൎഷം ഇവയിലോരോന്നിന്റെ എ

ത്തുയെത്ര അംശം കലന്നിരുന്നുവെന്ന് ആക്കും പറവാൻ കഴികയില്ല. വേഗത്തിൽ അവറം ദേവീസന്നിധിയിലേക്കു ഓടിച്ചെന്നു നമസ്കരിക്കുന്നു.)

കമല:—"ദേവീ! ഇതാ ഞാൻ തിരിച്ചുവന്നിരിക്കുന്നു. ഇനിയെങ്കിലും എന്നെ ഉപേക്ഷിക്കരുതേ! ഇപ്പോറം എന്റെ വകയായി ഈ പ്രപഞ്ചത്തിൽ യാതൊന്നുമില്ല! നീ മാത്രമേയുള്ളു. അന്നപൂർണ്ണേശ്വരീ! തായേ! എന്നെ കൈവിട്ടുകളയരുതേ! നിന്നെ ഒരുപ്രാവശ്യമെങ്കിലും കൺകുളിക്കുംപോളം കാണണമെന്ന് എനിക്കു ആശയുണ്ടായിരുന്നു. എന്നാൽ എന്റെ നേത്രങ്ങറംക്കു ഇത്ര ശക്തിയിരുന്നിട്ടും നിന്റെ കരുണാമൂർത്തിയെ ഒന്നു നോക്കാൻ പോലും എനിക്കു ത്രാണിയില്ല. നിന്നെ നമസ്കരിക്കുന്നതിനും ആ ചരണപങ്കജത്തെ ഒരു പ്രാവശ്യമെങ്കിലും സ്പർശിക്കുന്നതിനും എനിക്കു മോഹമുണ്ടു്. പക്ഷേ കൈകാലുകറം അനക്കാൻ എനിക്കു ശക്തിയില്ല. പ്രാർത്ഥിക്കേണ്ടതു് എങ്ങനെയെന്നുകൂടി ഞാൻ മറന്നിരിക്കുന്നു. നിന്നോടു് എനിക്കു ഒന്നും പറവാൻ ശക്തിയില്ല. കരഞ്ഞു കരഞ്ഞു് എന്റെ ഹൃദയവേദനയേ പ്രകാശിപ്പിക്കാനും എനിക്കു സാധിക്കാതായി. ഇപ്പോറം എന്റെ നേത്രങ്ങളിൽ അശ്രുക്കറം വരുന്നതേയില്ല. നിന്റെ ഈ ദാസിയെ നിനക്കു് തിരിച്ചറിവാൻ സാധിക്കുമോ എന്നുകൂടി സംശയമാണു്. അതുകൊണ്ടു് ഇതാ ഞാൻ എന്റെ പേരുപറഞ്ഞു് നിന്നോടു പ്രാർത്ഥിക്കുന്നു. ദേവീ! നിന്റെ ഭാഗ്യഹീനയായ കമലയുടെ ഈ ദയനീയാവസ്ഥയെ ഒന്നു നോക്കിയാലും! ഇതു് അവളുടെ പാപഫലമാണു്. മനുഷ്യർ യാതൊന്നിനെ സുഖ

മാണെന്നു കല്പിച്ച്, അതിനുവേണ്ടി സദാ പ്രയത്നി
ച്ചുകൊണ്ടിരിക്കുന്നുവോ, ആ പാപത്തിന്റെ ഫല
മത്രേ. ഞാൻ നിന്റെ ആശ്രയം കൈവിട്ട് സംസാ
രത്തിൽ പ്രവേശിച്ചിട്ട് ഇന്ന് ഇരുപതുകൊല്ലം തി
കഞ്ഞിരിക്കുന്നു. ഇതിനിടയ്ക്കു് എനിക്ക് അല്പമെ
ങ്കിലും സുഖമോ ശാന്തിയുടെ കണികയോ ഉണ്ടായി
ട്ടില്ല. ഇപ്പോൾ ഞാൻ എന്റെ അപമാനവും ക
ഠിനീഭവിച്ച ഹൃദയവും കളങ്കിതമായ ശരീരവും താ
ങ്ങിക്കൊണ്ടു് ഇതാ വന്നിരിക്കുന്നു. നിന്റെ ഈ ശൃ
ങ്ഖാലയത്തിൽ എനിക്ക് ഈ നിലയിൽ ഒരു സ്ഥാ
നവും ഇല്ലെന്ന് നല്ലപോലറിയാം. അവർ ഒരു കാ
ലത്തു് എന്നെ വിശ്വസിച്ച്, സ്നേഹിച്ചുവന്ന ആ സ
ഹോദരികൾ എന്റെ പാപകഥയെപ്പററി കേട്ടിരി
ക്കുമെന്നുള്ളതിനു സംശയമില്ല. ആ സ്ഥിതിക്ക്
ഇവിടെ താമസിക്കാൻ അവർ എന്നെ അനുവദിക്കു
മോ? പക്ഷേ എനിക്കു താമസിക്കാൻ സ്ഥലമേ ആ
വശ്യമില്ല. ഞാൻ ഇന്നു മരിക്കാനായിട്ടാണ് ഇ
വിടെ വന്നിരിക്കുന്നതു്. അന്തിമദശയിൽ നിന്നെ
ഒന്നു ദർശിക്കുന്നതിന് എനിക്ക് ആഗ്രഹമുണ്ട്. നി
ന്റെ ചരണാരവിന്ദങ്ങളിൽ ഈ പ്രാണനെ സമർപ്പി
ക്കുന്നതിനു ഞാൻ കാംക്ഷിക്കുന്നു; എന്നാൽ ഇതും
സാധിക്കുമെന്നു തോന്നുന്നില്ല. ഞാൻ ഇവിടെ വന്നി
രിക്കുന്നുവെന്ന് അവർ അറിയുന്നതുവരെയെങ്കിലും
നിന്റെ അടുക്കൽനിന്നുകൊള്ളട്ടേ. അവർ അറി
ഞ്ഞാൽ ഉടനെ ഇവിടെ എത്തും. ഒരു നിമിഷംപോ
ലും ഈ സ്ഥലത്തു നില്ക്കാൻ സമ്മതിക്കയില്ല. അവർ
എന്നെ വെറുക്കുന്നതിൽ അസംഗതമായിട്ടൊന്നുമില്ല.
ലോകം ആകപ്പാടെ എന്നെ വെറുക്കുന്നു. അവ

ക്ക് എന്തുകൊണ്ടു പാടില്ല? ഈ പാപിയിൽ നിന്ന മാത്രം കാരുണ്യമുണ്ടാവാതിരിക്കയില്ലെന്നാണ് എൻെറ വിശ്വാസം. (നാലുവശത്തും നോക്കീട്ട്) എന്നാൽ ഞാൻ എന്തുകൊണ്ടാണ് ഇങ്ങനെ തനിച്ചായത്? ഈ മന്ദിരം ഇങ്ങനെ ശൂന്യമായിത്തീരുവാൻ കാരണമെന്ത്? എനിക്ക പകരം ഇവിടെ ജോലിചെയ്യുന്ന ആ സുകൃതിനി ഇന്ന് എവിടെ? ദീപം ജ്വലിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. പ്രാത്ഥനയ്ക്കുള്ള മണിയും അടിച്ചുകഴിഞ്ഞു. സൂര്യോദയം ആയിട്ടും ഇതേവരെ പരിചാരികമാർ ആരും വന്നുകാണുന്നില്ലല്ലോ."

(ഇതിന്നിടയ്ക്ക് താൻ സിംഹാസനത്തിനു താഴെ ഇട്ടിരുന്ന മൂടുപടവും മററും അവൾ കാണുന്നു.)

"ഇതെന്താണ്? വസ്തുബോധമില്ലാത്ത വിധം എൻെറ നേത്രങ്ങൾ അത്ര മലിനമായിപ്പോയിരിക്കുമൊ? ഇക്കാണുന്നതു് ഇരുപതുവഷങ്ങൾക്കു മുമ്പ് ഞാൻ ഇവിടെ വച്ചിട്ടുപോയ മൂടുപടവും വസ്ത്രവുമല്ലെ?"

(എടുത്തു ധരിക്കുന്നു.)

"ദേവി! നിൻെറ മന്ദിരംവക ഈ പവിത്രമായ പരിധാനത്തെ എൻെറ പാപകലുഷിതമായ ശരീരത്തിൻെറ സ്പർശംകൊണ്ട് ഞാൻ ദൂഷിപ്പിക്കാൻ തുനിയുന്നതിനെ ക്ഷമിക്കണേ! എൻെറ ഈ കറിപ്പറിഞ്ഞ വസനംകൊണ്ട് ദേഹത്തെ വേണ്ടപോലെ മറയ്ക്കാൻ സാധിക്കയില്ല. അതിനാൽ ഈ ആഗ്രഹത്തെ നിരോധിക്കുന്നതിനു ഞാൻ അശക്തയായിത്തീന്നിരിക്കുന്നു. അന്നപൂണ്ണേശ്വരി! വാ

സ്തവം പറയണേ! നിന്നെ ഏല്പിച്ചിരുന്ന ഈ വസ്ത്രത്തെ എനിക്കായി നീ ഇതേവരെ സൂക്ഷിച്ചുവച്ചിരുന്നതാണൊ? (വെളിക്ക് പാദശബ്ദം കേൾക്കുന്നു.) ആരുടെ പാദന്യാസശബ്ദമാണു കേൾക്കുന്നതു്? സഹോദരിമാരുടെ വരവായിരിക്കാം. എനിക്കിനി ഇവിടെ നിൽക്കാൻ ശക്തിയില്ല. ഞാൻ എങ്ങിനെ അവരുടെ മുഖത്തു നോക്കും? ദേവി! കടാക്ഷിക്കണെ! ഈ അഗതിയിൽ കൃപയുണ്ടാകണേ!"

(മൂർച്ഛിച്ചു വീഴുന്നു.)

(അല്പനേരത്തിനുള്ളിൽ മഠാദ്ധ്യക്ഷയും പരിചാരികമാരും വരുന്നു. അവരുടെ ദൃഷ്ടി മൂർച്ഛിതയായി കിടക്കുന്ന കമലയിൽ പതിയുന്നു. എല്ലാവരും വേഗത്തിൽ അവളുടെ അടുത്തു് എത്തുന്നു.)

മഠാദ്ധ്യക്ഷ:—(കമലയുടെ ദേഹത്തെ സ്പശിച്ചിട്ട്) "അയ്യോ! നമ്മുടെ പ്രിയപ്പെട്ട കമല ദേഹത്യാഗം ചെയ്തിരിക്കുന്നുവെന്നു തോന്നുന്നു."

കാമിനി:—"ദേവി നൽകിയ ജീവനെ ദേവിതന്നെ തിരിച്ചെടുത്തിരിക്കാം."

ഭാമിനി:—"സ്വൎഗ്ഗീയ വിമാനത്തിൽ കേറി അവൾ അപ്സരസ്സുകളോടുകൂടി സ്വൎഗ്ഗത്തിലേയ്ക്കു പോയിരിക്കണം.

സുകേശിനി:—(അവളെ മടിയിൽ എടുത്തിരുത്തീട്ട്) "ഇല്ല. എന്റെ പ്രിയസഖിയുടെ ശ്വാസം ഇനിയും നിന്നിട്ടില്ല."

മറാദ്ധ്യക്ഷ:—"അവളുടെ മുഖം എത്ര കാന്തിഹീനമായും ദേഹം എത്ര ശിഥിലമായും തീൎന്നിരിക്കുന്നു!"

ദാമിനി:—"ഒരു രാത്രികൊണ്ടു് ഇങ്ങനെ ഒരു മാററം എങ്ങനെ സംഭവിച്ചു?"

കാമിനി:—"ഇന്നലെ അവൾ വളരെ കഷ്ടപ്പെട്ടിരിക്കണം. അതുകൊണ്ടായിരിക്കാം ഇത്ര ക്ഷീണം."

സുകേശിനി:—"ഇന്നലെ അവൾ വലിയ വേദന അനുഭവിച്ചുകാണണമെന്നുള്ളതിനു സംശയമില്ല. ചോദിച്ചിട്ടു് അവൾ ഒരക്ഷരം മിണ്ടിയില്ല. "ഞാൻ നിൻെറ ജോലികളെല്ലാം ചെയ്തുകൊള്ളാം. നീ വിശ്രമിച്ചുകൊള്ളണം" എന്നു ഞാൻ പറഞ്ഞുനോക്കിയെങ്കിലും അവൾ ശ്രദ്ധിച്ചതേയില്ല. താൻ ഒരു പവിത്രാത്മാവിനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കയാണെന്നു മാത്രം അവൾ പറഞ്ഞു. ഇന്നലെ രാത്രി അവൾ ഉറങ്ങിക്കാണുകയില്ലെന്നു തോന്നുന്നു."

അദ്ധ്യക്ഷ:—"ഇന്നലെ ഇവൾ ഏതു പവിത്രാത്മാവിനെയാണു് പ്രതീക്ഷിച്ചുകൊണ്ടിരുന്നതു്? ആ സുകൃതി ആരായിരിയ്ക്കാം?"

(ഇതിനിടയ്ക്കു് അവരുടെ ദൃഷ്ടി സിംഹാസനത്തിൽ പതിക്കുന്നു. അവിടെ ദേവിയുടെ പ്രതിമ കണ്ടിട്ടു് ഹഷദ്ധ്വനി പുറപ്പെടുവിക്കുന്നു. എല്ലാവരും അങ്ങോട്ടു നോക്കി ആനന്ദപരവശരായി ചമയുന്നു.)

കാമിനി:—"അതാ ദേവി വീണ്ടും വന്നിരിക്കുന്നു. അംബയുടെ ശരീരത്തിൽ എല്ലാ ആഭരണങ്ങളുമുണ്ടു്."

ദാമിനി:—"മുഖത്തു് എന്തു മാധുയ്യം! നേത്രങ്ങളിൽ എന്തു ജ്യോതിസ്സ്!"

32D
94285
032:3M794:14
F5

ദാമിനി:—കമലയുടെ പ്രാൎത്ഥനയാൽ ദേവി മൎത്ത്യലോകത്തിലേയ്ക്കു തിരിച്ചു വന്നതായിരിക്കാം."

സുകേശിനി:—(ഭയത്തോടുകൂടി) "നോക്കു! കമലയെ നോക്കു! ഇവൾ ഇത്ര വേഗം ഇങ്ങനെയായല്ലൊ!"

കാമിനി:—(കമലയുടെ അടുത്തുവന്നിട്ട്) "കമലേ! ഇങ്ങനെയുള്ള ഒരു സുദിനത്തിൽ നീ ഞങ്ങളെ വിട്ടുപോവാനൊരുങ്ങുന്നൊ?"

ഭാമിനി:—"കമലേ! ദേവി നിന്നെ പ്രേമപൂൎവ്വമായ ദൃഷ്ടികളാൽ കടാക്ഷിക്കുന്നതു കാണുന്നില്ലെ?"

ദാമിനി:—"സഹോദരി! ഞങ്ങളുടെ അപരാധങ്ങളെ ക്ഷമിക്കുന്നതിനുമുമ്പ് നീ പൊയ്ക്കളയരുതേ!"

(സ്വഗതം) കഷ്ടം! ഞാൻ ഈ സുകൃതശാലിനിയെ സംശയിച്ചതു് എത്ര കഠിനമായിപ്പോയി!!

സുകേശിനി:—കഷ്ടം! ഞാൻ എന്താണു ചെയ്തതു്?

കാമിനി:—"ഞാൻ ഇവിടെ ഒരു ശയ്യയിൽ പട്ടുവിരിച്ചുതരാം. അതിൽ കിടത്തി നമുക്ക് അവളെ ഉപചരിക്കാം."

(ഒരു ശയ്യയിൽ പട്ടുവിരിച്ച് എല്ലാവരുംകൂടി അവളെ എടുത്തു് ദേവിയുടെ ചരണങ്ങളിൽ കൊണ്ടുപോയി വയ്ക്കുന്നു.)

മഠാദ്ധ്യക്ഷ:—"അവളുടെ മൂടുപടവും അഴിച്ചു മാററണം. ശ്വാസം നേരെ പോവുന്നില്ല."

(സുകേശിനി അങ്ങിനെ ചെയ്യുന്നു. അവൾ കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ചിരിക്കുന്നതു കണ്ടു് എല്ലാവരും ആശ്ചൎയ്യപ്പെടുന്നു.)

കാമിനി:—"ഇവളേ ഇത്ര കീറിയതും മലിനമായുമുള്ള സാരി ധരിച്ച് എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?"

ഭാമിനി:—"സോദരി! അവളുടെ കാലിൽ ചെളിപുരണ്ടിരിക്കുന്നതും നിങ്ങറം കണ്ടില്ലേ?"

ദാമിനി:—"കമലയുടെ കേശം ഇത്രമാത്രം വെളുത്തുപോയതെങ്ങിനെ?"

മഠാദ്ധ്യക്ഷ:—"നമുക്ക് ഒന്നും അറിവാൻ നിവൃത്തിയില്ല. അവറം തപസ്വിനിയായിരുന്നു. കഠോരതപസ്യയുടെ ഫലമായിരിക്കാം."

സുകേശിനി:—(സന്തോഷത്തോടുകൂടി)"അവറംക്കു ബോധം വീണുതുടങ്ങി. ഇതാ കണ്ണുതുറന്നു."

(കമല ബോധം വീണിട്ട് നാലുപാടും നോക്കുന്നു.)

കമല:—(സ്വപ്നത്തിൽ നിന്ന് എഴുന്നേററതുപോലെ) "എന്റെ ശിശു—കഷ്ടം! വിശപ്പു പിടിപെട്ട് അവറം മരിക്കുന്നതു കണ്ട് നിങ്ങറം ചിരിച്ചുകൊണ്ടിരിക്കുന്നൊ?"

മഠാദ്ധ്യക്ഷ:—"ഞങ്ങറം ചിരിക്കുന്നില്ല. നിൻെറ ബോധക്ഷയം നീങ്ങുന്നതുകണ്ട് ഞങ്ങറം പ്രസന്നരായിരിക്കയാണ്."

കമല:—"എനിക്കു ബോധക്ഷയമുണ്ടായൊ? (ഓൎമ്മ നടിച്ചിട്ട്) അതെ എനിക്കിപ്പോറം ഓൎമ്മ വന്നു. പലവിധമായ കഷ്ടതകറം അനുഭവിച്ചതിൻെറശേഷം ഞാൻ ഈ മന്ദിരത്തിലേയ്ക്കു വന്നു. ദയവുചെയ്തു എന്നെ ഭയത്തോടുകൂടി നോക്കരുതെ! പാപകലുഷിതയായ ഞാൻ ഇവിടെ താമസിച്ച് നിങ്ങളെ ഭ

യപ്പെട്ടുത്തണമെന്നു വിചാരിക്കുന്നില്ല. അല്പ സമയത്തിനുള്ളിൽ ഈ കളങ്കിതമായ ജീവൻ അവസാനിക്കും. പിന്നീട് നിങ്ങളുടെ ഇഷ്ടംപോലെ ചെയ്തുകൊള്ളണം. ആരും ഒന്നും അറികയില്ല. ഇക്കഥ വല്ലവരും അറിഞ്ഞേക്കുമെന്നുള്ള ഭയം വേണ്ട. ഞാൻ ആരോടും ഇതിനെപ്പററി മിണ്ടുകയില്ലെന്ന് ഇപ്പോഴെ ശപഥം ചെയ്യേക്കാം. നിങ്ങൾ എന്തു ആജ്ഞാപിക്കുന്നൊ, അതുപോലെ പ്രവത്തിക്കുന്നതിന് ഞാൻ സന്നദ്ധയായിരിക്കുന്നു. അവർ—ആ ദുഷ്ടപ്പുരിഷകൾ ഈ ഹൃദയത്തിൽ ലേശംപോലും പവിത്രത വച്ചുകൊണ്ടിരിക്കാൻ അനുവദിച്ചില്ല. ഈ വിശുദ്ധഗൃഹത്തിൽവച്ച് പ്രാണത്യാഗം ചെയ്യാൻപോലും നിങ്ങൾ അനുവദിക്കുന്ന കാൎയ്യം ദുൎല്ലഭമാണെന്ന് എനിക്ക് അറിയാം. എങ്കിലും ഇന്ന് നിങ്ങൾ എന്നോടു വളരെ അനുകമ്പ കാണിച്ചു. എനിക്ക് നിങ്ങൾ ദേവിയുടെ ചരണപങ്കജത്തിൽ ഒരു സ്ഥാനം നൽകിയല്ലൊ. ഇനി എന്നെ ഇവിടെനിന്ന് ഓടിക്കണമെന്നു വിചാരിക്കുന്നപക്ഷം ദേവീസന്നിധിയിൽ നിന്ന് അധികദൂരം ഓടിക്കരുതേ എന്ന് പ്രാൎത്ഥനയുണ്ട്. അല്ലാ! ഇതെന്താണ്? എന്നെ നിങ്ങൾ ഈവിധം പരിശുദ്ധമായ വസ്ത്രത്തിൽ കിടത്തിയിരിക്കുന്നതു് എന്തുകൊണ്ട്? ഈ ശയ്യ എൻെറ ദേഹസ്പൎശത്താൽ മലിനീഭവിച്ചിരിക്കുന്നു. നിങ്ങൾ എന്താണ് ഒന്നും മിണ്ടാത്തതു്. നിങ്ങളുടെ മുഖത്തു് കോപത്തിൻെറ കണികപോലും കാണുന്നില്ലല്ലൊ? നിങ്ങളുടെ നേത്രങ്ങളിൽ ജലം നിറഞ്ഞിരിക്കുന്നതായി കാണുന്നതിൻേറയും അൎത്ഥം.

മനസ്സിലാകുന്നില്ല. നിങ്ങൾ എന്നെ തിരിച്ചറിഞ്ഞില്ലെന്നു വരുമൊ?"

അദ്ധ്യക്ഷ:—(കമലയുടെ ശിരസ്സിനെ സ്പശിച്ചിട്ട്) "വത്സേ! നീ ഒരു പവിത്രാത്മാവാണെന്നു ഞങ്ങൾ ധരിച്ചിരിക്കുന്നു."

കമല:—"അയ്യോ! എന്നെ തൊടരുതേ! ഞാൻ ഒരു ദുശ്ചരിതയാണ്."

ദാമിനി:—(കമലയുടെ പാദം സ്പശിച്ചിട്ട്) "നിങ്ങളുടെ പാദസ്പശത്താൽ ഞാനും പവിത്രയായി ഭവിച്ചിരിക്കുന്നു."

കമല:—"നിങ്ങൾ എന്താണു ചെയ്യുന്നത്? ഞാൻ എന്തെല്ലാം നിന്ദ്യകമ്മങ്ങൾ ചെയ്തിട്ടുണ്ടെന്നു നിങ്ങൾക്കറിയാമോ?"

കാമിനി:—"നിങ്ങൾ സ്വഗ്ഗത്തിൽ നിന്നു വന്ന ഒരു ദിവ്യതേജഃപുഞ്ജമാണ്. ഞാൻ ഇതാ നമസ്കരിക്കുന്നു."

കമല:—"നിങ്ങൾക്ക് ഇന്ന് എന്തു പററി? നിങ്ങൾ പറയുന്നതിൻെറ അത്ഥമൊന്നും എനിക്കു മനസ്സിലാവുന്നില്ല. [സുകേശിനിയെക്കണ്ടിട്ട്] അല്ല! എൻെറ സോദരി സുകേശിനിയോ?"

സുകേശിനി:—"അതെ. കമലേ! നിങ്ങളുടെ അതിരററ വാത്സല്യത്തിനു പാത്രമായ സുകേശിനി തന്നെ."

കമല:—"സുകേശിനി! ഞാൻ സുഖാനുഭവത്തിനായി ജനിച്ചവളല്ലെന്ന് ഇരുപതു കൊല്ലങ്ങൾക്കു മുമ്പ് നിങ്ങളോട് ഒരിക്കൽ പറഞ്ഞതു് ഓക്കുന്നുണ്ടോ?"

സുകേശിനി:—"ഉണ്ട്; അതിന് അടുത്തദിവസം തന്നെ ദേവി നിങ്ങളുടെ സകല കാര്യഭാരങ്ങളും ഏല്പിച്ചു്വല്ലൊ?"

കമല:—"നിങ്ങളുടെ വാക്കു കേട്ടിട്ട് എനിക്ക് ആശ്ചര്യം തോന്നുന്നു. എൻെറ ശക്തി ക്ഷയിച്ചുപോയിരിക്കുന്നു. ഞാൻ സ്വപ്നം കാണുകയായിരിക്കുമോ?— അല്ലാ സ്വപ്നമല്ല. നിങ്ങൾ എന്നെ മറന്നു പോയതാണ്. എന്നെ തിരിച്ചറിയുന്നില്ലായിരിക്കും. നോക്കു. ഞാൻ ആ ദുശ്ചരിതയായ കമലയാണ്."

മഠാധ്യക്ഷ:—"വത്സേ! തപസ്വിനിയും സുകൃതശാലിനിയുമായ കമല തന്നെയെന്നു ഞങ്ങൾക്കറിയാം."

കമല:—"അമ്മേ! നിങ്ങളും ഇങ്ങനെ തന്നെ പറയുന്നോ? നിങ്ങൾക്ക് പുണ്യപാപങ്ങളേ തിരിച്ചറിവാനുള്ള ശക്തിയുണ്ടെന്നാണ് ഞാൻ വിചാരിച്ചിരുന്നത്—അഥവാ നിങ്ങൾ എന്നെ പരിഹസിക്കയായിരിക്കാം. പക്ഷേ, അതിനും വഴി കാണുന്നില്ല. നിങ്ങളുടെ മുഖത്തു ഗംഭീരഭാവമാണല്ലോ സ്ഫുരിക്കുന്നത്. അവിടെ നിൽക്കുന്നത് കാമിനി അല്ലേ?"

കാമിനി:—"അതേ! ഞാൻ കാമിനി തന്നെ."

കമല:—"നിങ്ങൾ ഭാമിനിയല്ലേ?"

ഭാമിനി:—"അതെ പ്രിയസോദരി!"

കമല:—"അത് ദാമിനിയല്ലേ? അവളും എന്നെ വിസ്മയഭാവത്തിൽ നോക്കിക്കൊണ്ടിരിക്കുന്നല്ലോ. ഓ! ആർക്കും എന്നോടു വെറുപ്പു കാണുന്നില്ല. ഞാൻ എന്തെല്ലാം അനുഭവിച്ചുവെന്നു നിങ്ങൾ അറിഞ്ഞിട്ടില്ല."

മഠാധ്യക്ഷ:—"അതെല്ലാം നിങ്ങളുടെ കഠോര തപസ്യയുടെ ഫലങ്ങളാണ്."

കമല:—"അല്ല, അല്ല, പാപത്തിൻെറ ദുർന്നിരോധമായ ദുർവ്വാസനയുടെ സന്തതികളാണ്. ഞാൻ അവയെ

ഇരുപതുകൊല്ലമായി അനുഭവിച്ചുകൊണ്ടിരിക്കുന്നു. എന്റെ അപരാധങ്ങളെ നിങ്ങൾ ഔദാര്യപൂർവ്വം ക്ഷമിക്കുന്നു."

മഠാധ്യക്ഷ:—"വത്സേ! ആരെങ്കിലും അപരാധം ചെയ്തിട്ടുണ്ടെങ്കിൽ അതു ഞാനാണ്. ഞാൻ നിങ്ങളോടു ക്ഷമായാചനം ചെയ്യുന്നു."

കമല:—"അമ്മേ! ഞാൻ ചെയ്തതു് എന്താണെന്നു നിങ്ങൾ അറിയാത്തതുകൊണ്ടാണ് ഇങ്ങനെ പറയുന്നതു്."

മഠാധ്യക്ഷ:—"എനിക്ക് എല്ലാം അറിയാം. നീ ഞങ്ങളെ അന്ധകാരത്തിൽ നിന്നു മോചിപ്പിച്ച് ദിവ്യാലോകത്തിൽ ആക്കി. ഞങ്ങളുടെ കുഭാവങ്ങളെ ദൂരീകരിച്ച് പ്രേമഭാവം അങ്കുരിപ്പിച്ചു .സേവയുടേയും ഉപാസനയുടേയും മഹാത്മ്യത്തെ ഞങ്ങളെ പഠിപ്പിച്ചു."

കമല:—"ഞാ ഇരുപതു കൊല്ലങ്ങൾക്കു മുമ്പ് കുമാരസിംഹനോടുകൂടി ഇവിടം വിട്ടുപോയ കഥ നിങ്ങൾ അറിഞ്ഞില്ലേ? അതിനുശേഷമുണ്ടായ അനുഭവങ്ങളെ ചുരുക്കിപ്പറയാം. നിങ്ങൾക്ക് അത്ഭുതം തോന്നിയേക്കാമെന്നു വ കിലും കാര്യം വാസ്തവമാണ്. ഏതാനം മാസങ്ങൾക്കു ശേഷം അദ്ദേഹം എന്നെ ഉപേക്ഷിച്ചു; അദ്ദേഹം എന്നോടു പ്രേമം നടിച്ചതു് എന്നെ അപഥത്തിലേയ്ക്കു നയിക്കാനാണെന്നു ബോധം വന്നപ്പോൾ എനിക്ക് തീവ്രമായ നൈരാശ്യം ജനിച്ചു. ആ നിരാശയുടെ ഫലമായി എന്നെ .ലജ്ജാ സങ്കോചാദികളും വിവേകവും കൈവെടിഞ്ഞു. പിന്നീട് ഔചിത്യാനൌചിത്യങ്ങളെപ്പററി ഞാൻ ചിന്തിച്ചിട്ടേ ഇല്ല. വിപത്തിനെ ഞാൻ ശ്രേയസ്കരമായി ഗണിച്ചു. വിപത്തുകളിൽ

ഞാൻ നിർഭയം സൈപരസഞ്ചാരം ചെയ്തുതുടങ്ങി. അനുതാപത്താൽ എൻെറ ഹൃദയം തകൎന്നു; എന്നാൽ ഒന്നിനും എനിക്കു ശക്തിയില്ലാതായി. വാസ്തവത്തിൽ ഞാൻ പാപത്തെപ്പോലും പതിതമാക്കിത്തീൎത്തു. ഇപ്പോഠം മൃത്യുകാലം ആസന്നമായിരിക്കുന്നതിനാൽ ദേവിയേ ദർശിക്കുന്നതിനായി ഇങ്ങോട്ടു വന്നതാണ്"

മാാധ്യക്ഷ:—[കമലയുടെ മുഖത്തു കൈവച്ചിട്ട്] "വത്സേ! നിങ്ങഠം പറയുന്നത് മൎത്ത്യലോകത്തിലേ പാപകഥയാണു. അതൊന്നും നിന്നെ സ്പർശിച്ചിട്ടില്ല. നിർദ്ദോഷിയാണ്. നിൻെറ സമ്പൎക്കത്താൽ ലോകം പവിത്രമായ്ത്തീൎന്നിരിക്കുന്നു."

കമല:—"നിങ്ങളുടെ വാക്കുകഠം കേട്ടിട്ട് എനിക്ക് ആശ്ചൎയ്യം തോന്നുന്നില്ല. നിങ്ങഠം അത്യന്തം ദയാവതിയാണ്. നിങ്ങളുടെ സ്വഭാവം അതിനിൎമ്മലം. എൻെറ ഈ പാപകഥ നിങ്ങഠം എങ്ങനെ വിശ്വസിക്കും? എന്നെ നിങ്ങഠം വെറുക്കണമെന്നുമാത്രമേ എനിക്കു പ്രാൎത്ഥനയുള്ളൂ. ഞാൻ തപസ്വിനിയാണെന്ന് നിങ്ങഠം പറയുന്നു. ഞാൻ വിഷയയന്ത്രണകളേ സഹിച്ചു കൊണ്ടിരിക്കുന്നതിനാൽ ഒരു വിധത്തിൽ തപസ്വിനിതന്നെ. പക്ഷേ എനിക്കു ലേശം ശാന്തിയില്ല. അമ്മേ! എൻെറ തപസ്യ അന്തിമകാലംവരെ നിലനിൽക്കും."

അധ്യക്ഷ:—വത്സേ! പശ്ചാത്താപത്തിനു നിനക്കു ലേശം വഴിയില്ല. നിൻെറ പാപത്തിനുള്ള പ്രായശ്ചിത്തം ഇരുപതുകൊല്ലങ്ങഠംക്കു മുമ്പേ നീ ചെയ്തുകഴിഞ്ഞു. അന്നുമുതൽക്ക് നീ ദേവിയിൽ നിന്ന് അഭേദ്യയായി ഭവിച്ചു. ദേവിയുടെ കാരുണ്യാതിരേകത്തിന്

പാത്രീഭവിച്ചതുമുതൽക്ക് നിങ്ങൾ പ്രപഞ്ചത്തിന്റെ ശ്രേയസ്സിനുവേണ്ടി പരിശുദ്ധമായ സാധുസേവാവ്രതം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. കമലേ! അന്നപൂർണ്ണേശ്വരിയുടെ യഥാർത്ഥ ഉപാസിക നിങ്ങൾതന്നെയാണ്. അതുകൊണ്ടത്രേ അന്ന് ദേവി സകല കാര്യഭാരങ്ങളും നിങ്ങളേ ഏല്പിച്ചത്. നിങ്ങളുടെ പുണ്യപ്രകർഷത്താലാണ് ഇവിടംവിട്ടു പൊയ്ക്കളഞ്ഞ ദേവി ഇന്നു തിരിച്ചുവന്നതും."

കമല:—"ഞാൻ ഈ മന്ദിരംവിട്ടുപോയ അന്നുമുതൽക്ക് അനേക പാപകർമ്മങ്ങൾ ചെയ്തിട്ടുണ്ടെന്നു നിങ്ങൾ ഇനിയും വിശ്വസിക്കുന്നില്ലേ?"

മഠാദ്ധ്യക്ഷ:—"നിങ്ങൾ നിമിഷനേരത്തേയ്ക്കുപോലും ഈ മന്ദിരം വിട്ടുപോയിട്ടില്ല. ഇരുപതുകൊല്ലമായി നിങ്ങൾ പരിചാരികാവൃത്തി അനുഷ്ഠിച്ച് ഇവിടെത്താമസിക്കുന്നുവെന്ന് ഞങ്ങൾക്കെല്ലാവർക്കും അറിയാം. സദാപി നിങ്ങൾ സാധുസേവനത്തിൽ സംലഗ്നയായിട്ടാണു ഞാൻ കാണാറുള്ളത്. നിങ്ങളെപ്പോലെ പരിശുദ്ധമായ ജീവിതം ഇതേവരെ ആരും നയിച്ചിട്ടില്ലെന്ന് എനിക്ക് സധൈര്യം പറവാൻ കഴിയും. നിങ്ങൾ ഈ ഗൃഹത്തിനു വെളിയിൽ പോയിട്ടേ ഇല്ല."

കമല:—"ഞാൻ ഈ ഗൃഹംവിട്ടു വെളിയിൽ പോയിട്ടില്ലെന്നോ? അമ്മേ! ഞാൻ മൃത്യുശയ്യയിൽ കിടക്കുന്നവളാണെന്നു വിചാരിച്ചെങ്കിലും സത്യം പറയണേ! എൻെറ ഓർമ്മശക്തി നശിച്ചിരിക്കുന്നു. നിങ്ങൾ എന്നെ ആശ്വസിപ്പിക്കാനായി ഇങ്ങനെ പറയുന്നതാണോ? എൻെറ ഈ ദയനീവാസ്ഥ കണ്ടു് നിങ്ങൾ എൻെറ അപരാധങ്ങളെ ക്ഷമിക്കയാണോ?"

മഠാദ്ധ്യക്ഷ:— "വത്സേ! ഞാൻ എന്തപരാധത്തെയാണു ക്ഷമിക്കേണ്ടതു്? നിങ്ങൾ നിഷ്കന്മഷയാണു്. ഞാൻ നിങ്ങളെ എന്നും ഈ മന്ദിരത്തിനുള്ളിൽ കാണാറുണ്ടു്"

കമല:—"അമ്മേ! ഞാൻ ഈ സേവാസദനത്തിലാണു്. സ്വപ്നം കാണുകയല്ലെന്നും എനിക്കറിയാം. ദയാപൂർവ്വം എന്റെ ഒരു ചോദ്യത്തിനുമാത്രം ഉത്തരം പറയണമേ! ഇരുപതുകൊല്ലങ്ങൾക്കുമുമ്പു് ഈ വാതിൽ ഒരുദിവസം തുറന്നുകിടന്നതായും ഞാൻ എന്റെ മൂടുപടത്തേയും മററും ദേവിയുടെ ചരണപങ്കജത്തിൽ സമർപ്പിച്ചിട്ടു പൊയ്ക്കളഞ്ഞതായും നിങ്ങൾ ഓക്കുന്നില്ലേ? അമ്മേ! നല്ലപോലെ ആലോചിച്ചു് ഉത്തരം പറയണമെന്നു് ഞാൻ പ്രാർത്ഥിക്കുന്നു."

മഠാദ്ധ്യക്ഷ:—"വത്സേ! നിങ്ങൾ അന്നത്തെ സംഭവമോർത്തു് ഇത്ര വിമൂഢയായിത്തീൎന്നോ? അതിൽ ഇത്ര ആശ്ചൎയ്യത്തിനു വഴിയെന്തുള്ളു. ഞങ്ങൾക്കു്, അങ്ങനെ ഒരബദ്ധം പററിപ്പോയി. ദേവി അന്നു ഞങ്ങളെ വിട്ടുപൊയ്ക്കളഞ്ഞു. പക്ഷേ പോകുന്നതിനു മുമ്പായി ദേവിയുടെ ഉടയാടയും ആഭരണാദികളും നിങ്ങൾക്കു തന്നിട്ടു് സർവ്വ കാൎയ്യഭാരവും നിങ്ങളെ ചുമതലപ്പെടുത്തി ദേവിയുടെ മാഹാത്മ്യത്തെപ്പററി ചിന്തിക്കാതെ ഞാൻ നിങ്ങളേ ശിക്ഷിക്കാനൊരുമ്പെട്ടു. നിങ്ങൾ ഇരുട്ടറയിൽ കടന്ന ഉടനേ അവിടം മുഴുവനും ഒരു ദിവ്യപ്രകാശം വ്യാപിച്ചു. ഗന്ധൎവ്വഗണം നിങ്ങളെ സ്തുതിച്ചു ഗാനംതുടങ്ങി. ദേവന്മാർ പുഷ്പവൎഷം ചെയ്തു. ആ ദിവസത്തെ ഞങ്ങൾ എങ്ങിനെ മറക്കും? അന്നുമുതൽ ഇതേവരെ നിങ്ങൾ ദേവിയുടെ സ്ഥാനം വഹിച്ചുവന്നു."

കമല:—"എന്റെ സ്ഥാനം ആരായിരുന്നു?"

അദ്ധ്യക്ഷ:—"നിങ്ങളുടെ സ്ഥാനത്തു് ആരും ഉണ്ടായിരുന്നില്ല. നിങ്ങൾതന്നെയാണ് എല്ലാക്കാര്യങ്ങളും നിർവഹിച്ചതു്."

കമല:—"ഞാൻ ഇവിടെ ഉണ്ടായിരുന്നുവെന്നോ? എന്നും നിങ്ങൾ എന്നെ കാണുകയും സ്പർശിക്കയും ചെയ്യാറുണ്ടായിരുന്നോ? അമ്മേ വാസ്തവത്തിൽ നിങ്ങൾ എന്നെ എന്നും കാണാറുണ്ടായിരുന്നോ?"

അദ്ധ്യക്ഷ:—"വത്സേ! വിശ്വസിച്ചാലും. ഞങ്ങൾ നിങ്ങളെ ഇവിടെ കാണാറുണ്ടായിരുന്നു."

കമല:—"എനിക്ക് ഒന്നും മനസ്സിലാവുന്നില്ല. ഒരു ലക്ഷമില്ല. (ദേവിയെ നോക്കീട്ടു്) ദേവി! ഇതു് എങ്ങിനെ സംഭവിച്ചു? എനിക്ക് എത്ര ദുസ്സഹമായ വേദന ഉണ്ടായിരുന്നെന്ന് ദേവി അറിഞ്ഞിട്ടുണ്ടോ? എനിക്ക് ഇതൊന്നും മനസ്സിലാവുന്നില്ല. എനിക്ക് എന്തെല്ലാം കഷ്ടതകൾ നേരിട്ടുവെന്നു നിങ്ങൾ വാസ്തവം അറിയുമ്പോൾ എന്റെ സർവ്വാപരാധങ്ങളേയും ക്ഷമിക്കാതിരിക്കയില്ല. മനുഷ്യർ ഒരു കാലത്തും പാപികളുടെ വേദനകളിൽ സഹാനുഭൂതി കാണിക്കയൊ, അവരെ വെറുക്കാതിരിക്കയൊ ചെയ്തിട്ടില്ല. എന്നാൽ ഇന്ന് പ്രേമത്തിന്റെ വിജയദിനമാണ്. സർവ്വത്ര ദയാഭാവവും ശാന്തിയും കാണുന്നു. പ്രിയ ജനനി! എന്റെ സഹോദരികളായിരുന്ന പരിചാരികമാരോട്ട് ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ! പക്ഷെ ഇപ്പോൾ എനിക്ക് സംസാരിപ്പാനുള്ള ശക്തി നശിച്ചുപോയിരിക്കുന്നു. ദൃഷ്ടി മങ്ങിത്തുടങ്ങി. കണ്ഠം അവരുദ്ധമായി. ഞാൻ ഇ

പ്പോഠംതന്നെ പോകുന്നു. ഞാൻ ജീവിച്ചിരുന്നിട ത്തോളം കാലം മനുഷ്യരുടെ വിദ്വേഷബുദ്ധിയ്ക്കു് കാരണം കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല. ഞാൻ പോകുന്ന സ്ഥലത്തു് കരുണയുടേയും പരിശുദ്ധമായ പ്രേമത്തിൻേറയും വിലാസം എത്രത്തോളം ഉണ്ടെന്നു് എനിക്കു് ഇപ്പോഠം മനസ്സിലായി. ദേവി! ഞാൻ ഇതാ വന്നുകഴിഞ്ഞു."

[കമലയുടെ മൃത്യു]

മഠാദ്ധ്യക്ഷ:—"കമല അനന്തനിദ്രയിൽ മുഴുകി."

സുകേശിനി:—"ഈ സുകൃതശാലിനി ദേവിയുടെ അങ്കതലത്തിൽ ഇരുന്നു് വിശ്രമിക്കട്ടെ!"

ശുഭം.

—— (o) ——

DEPARTMENTAL LIBRARIES
14 MAR 1950
UNIVERSITY OF MADRAS.

## ഞങ്ങളുടെ പുതിയ പുസ്തകങ്ങൾ.

| | ക. | ണ. | ചൈ. |
|---|---|---|---|
| ഉണ്ണുനീലിസന്ദേശം | ൧ | ൦ | ൦ |
| മല്ലിക | ൦ | ൯ | ൦ |
| പ്രേമപ്രബന്ധം | ൦ | ൧൦ | ൦ |
| മാലതീമാല | ൧ | ൦ | ൦ |
| സ്വപ്നലത | ൨ | ൦ | ൦ |
| ലോകോല്പത്തി | ൧ | ൦ | ൦ |
| കഥാമാലിക | ൦ | ൧൪ | ൦ |
| കഥാരത്നമാല [ഒന്നാംഭാഗം] | ൦ | ൮ | ൦ |
| ടി [രണ്ടാംഭാഗം] | ൦ | ൮ | ൦ |
| പാരിജാതഹരണം [പ്രബന്ധം] | ൦ | ൮ | ൦ |
| കൊടിയവിരഹം | ൧ | ൦ | ൦ |
| കാളീസഹസ്രനാമസ്തോത്രം | ൦ | ൨ | ൦ |
| ശ്രീമഹാദേവസഹസ്രനാമസ്തോത്രം | ൦ | ൨ | ൦ |
| ദേവീഭാഗവതം(കിളിപ്പാട്ട്) ൧-ാംതരം | ൨൨ | ൦ | ൦ |
| ടി ൨-ാംതരം | ൨ | ൮ | ൦ |
| ശ്രീവാമനമഹാപുരാണം ൧-ാംതരം | ൬ | ൦ | ൦ |
| ടി ൨-ാംതരം | ൪ | ൦ | ൦ |
| ലഘുരാമായണം | ൦ | ൪ | ൦ |
| ലഘുഭാഗവതം | ൦ | ൪ | ൦ |
| നാരീരക്ഷകനാടകം (വള്ളത്തോൾ) | ൦ | ൧൨ | ൦ |
| ഭദ്രാവതാരം ടി | ൦ | ൧൨ | ൦ |
| നാലു വീരപത്നിമാർ | ൦ | ൮ | ൦ |
| [illegible] | ൦ | ൧൨ | ൦ |
| ഉൽക്കർഷസമ്പാദനം | ൦ | ൯ | ൦ |

ബി. വി. ബുക്കുഡിപ്പോ, തിരുവനന്തപുരം.

V.R.N.
17/3/50.

MUL
094285